20
മാർച്ച്
2019

# ജയോത്സവം ന്യൂസ്

www.jayolsavamnews.com

DATE OF PUBLISHING 20TH MARCH 2019

തിരുവനന്തപുരം
വാർഷിക വരിസംഖ്യ
₹120
Reg.No. KERBIL/2010/31734



# ഐ.പി.സി കേരളാ സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ

■ 11 കേന്ദ്രങ്ങളിലായി സ്റ്റേറ്റ് തിരഞ്ഞെടുപ്പ് ■ കേന്ദ്ര ജനറൽ ബോഡി ഏപ്രിൽ 24ന്




ജോജി ഐപ്പ് മാത്യൂസ്

**കുമ്പനാട്:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ.

2019-2022 വർഷത്തേക്കുള്ള സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2019 ഏപ്രിൽ 30 ചൊവ്വാഴ്ച്ച കുമ്പനാട്ട് പത്തനംതിട്ട ജില്ലയുടേതായി തുടങ്ങും. മെയ് 14 ന് ആലപ്പുഴ ജില്ലയുടെ ജില്ലയുടെ തിരഞ്ഞെടുപ്പോടെ സമാപിക്കും.16 ന് വോട്ടെണ്ണൽ തുടങ്ങും.

സംസ്ഥാനത്തെ 11 നിയോജകമണ്ഡലങ്ങളിൽ നിന്നും എക്സിക്യൂട്ടീവ് ഉൾപ്പടെ 44 പാസ്റ്റർമാരും 40 വിശ്വാസികളും തിരഞ്ഞെടുക്കപ്പെടും.

കേരളത്തിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുക്കും.

അതത് ജില്ലകളിലെ സഭാംഗങ്ങളുടെ എണ്ണം കണക്കാക്കിയാണ് സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 21 അംഗങ്ങളെയെടുക്കുന്ന പത്തനംതിട്ട ജില്ലയാണ് സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുടെ എണ്ണത്തിൽ മുന്നിൽ.

ഏപ്രിൽ 30ന് 9ന് സ്റ്റേറ്റ് ജനറൽബോഡി തുടങ്ങും 10 മണിക്ക് പത്തനംതിട്ട ജില്ലയുടെ തിരഞ്ഞെടുപ്പും നടക്കും.

ഏപ്രിൽ 2 ന് കരട് വോട്ടേഴ്സ് ലിസ്റ്റിടും. ലിസ്റ്റിൽ പരാതിയുള്ളവർ ഏപ്രിൽ 6 ന് നാലു മണിക്ക് മുൻപ് ഓഫീസിൽ നൽകണം. അന്തിമ ലിസ്റ്റ് ഏപ്രിൽ 11ന് പ്രസിദ്ധീകരിക്കും.

കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ ഇലക്ഷൻ കമ്മീഷണറായിക്കുന്ന ജോൺ തോമസാണ് ഇപ്രാവശ്യവും ചുമതല. പ്രഫ. എം. മാത്യു ഏബ്രഹാം, ജെ. വർഗീസ്, മാത്യു ഇലഞ്ഞിക്കൽ (റിട്ടേണിങ് ഓഫീസർമാർ).

നിലവിലുള്ള വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല യുടെയും പാസ്റ്റർ ഫിലിപ്പ് പി.തോമസിന്റയും നേതൃത്വത്തി ലുള്ള ടീമുകളാണ് രംഗത്തു ള്ളത്. ജയോൽസവം മാസിക ചീഫ് എഡിറ്ററും പി വൈ പി എ മുൻ സ്റ്റേറ്റ് പ്രസിഡന്റുമായ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായി നിൽക്കുന്നു.

## ജില്ലകളിൽ തിരഞ്ഞെടുപ്പ് നടക്കുന്ന തിയതികൾ

(തീയതി, ജില്ല, സ്ഥലം എന്നീ ക്രമത്തിൽ)

- ഏപ്രിൽ 30 – പത്തനംതിട്ട കുമ്പനാട് ഹെബ്രോൻപുരം
- മെയ് 1 – കോട്ടയം തിയോള ജിക്കൽ സെമിനാരി
- മെയ് 2 – കൊല്ലം കൊട്ടാ രക്കര ഐ.പി.സി ബേർശേബ ഹാൾ
- മെയ് 4 – തിരുവനന്തപുരം കൺകോർഡിയ ലൂഥറൻ ഹയർ സെക്കൻഡറി സ്കൂൾ കുടപ്പനക്കുന്ന്, പേരൂർക്കട
- മെയ് 6 – കണ്ണൂർ കാൽടെക്സ് റബ്കോ ഓഡിറ്റോറിയം
- മെയ് 7 – മലപ്പുറം പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജ്
- മെയ് 8 – പാലക്കാട് ഒലവക്കോട് ശാലേം ബൈബിൾ കോളജ്
- മെയ് 9 – തൃശൂർ നെല്ലിക്കുന്ന് ഐ.പി.സി ഹാൾ
- മെയ് 11 – എറണാകുളം കീഴില്ലം പെനിയേൽ ബൈബിൾ കോളജ്
- മെയ് 13 – ഇടുക്കി കട്ടപ്പന നഗരസഭ ടൗൺ ഹാൾ
- മെയ് 14 – ആലപ്പുഴ മാവേലിക്കര വഴുവാടി എബനേസർ ഐ.പി.സി ഹാൾ

## ഭരണഘടന ഭേദഗതിക്കുള്ള ജനറൽ ബോഡി നടക്കുന്നത് ഏപ്രിൽ 24ന് കോടതി നിരീക്ഷണത്തിൽ

കുമ്പനാട്: സെന്റർ പാസ്റ്റർമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് സഭാ ഭരണഘടനയിലുള്ള അവ്യക്തത മാറ്റാനായി ഭരണഘടനഭേദഗതിയ്ക്കായി 2019 ഏപ്രിൽ 24 ബുധനാഴ്ച്ച 10 മണിക്ക് ഹെബ്രോൻപുരത്ത് ജനറൽബോഡി നടക്കും.

ഇത് സംബന്ധിച്ച് ചിലർ കേസുകൾ നൽകിയിരിക്കുന്നതിനാൽ കോടതി നിരീക്ഷണത്തിലാക്കും ജനറൽ ബോഡി നടക്കുക.

സെന്റർ പാസ്റ്റർമാർക്ക് ആ സ്ഥാനത്ത് 10 വർഷം തുടരാമെന്നും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ സെന്ററിൽ ഉണ്ടായാൽ സ്ഥലം മാറ്റാമെന്നും പുതിയ കരടിൽ നിർദ്ദേശിക്കുന്നു.

സ്റ്റേറ്റിന് അയക്കുന്ന പ്രതിനിധി ലിസ്റ്റ് പ്രകാരം ജനറലിന്റെ ജനറൽബോഡിയിലും പങ്കെടുക്കാമെന്ന് ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോൺ അറിയിച്ചു.

## ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ ഇലക്ഷൻ 2019–2022 തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ടവർ

### പാസ്റ്റേഴ്സ്


പാ. ദാനിയേൽ കൊന്നനിൽക്കുന്നതിൽ


പാ. എച്ച്. ആഗസ്റ്റിൻ


പാ. വി. എ. സണ്ണി


പാ. സി. ഡി. തോമസ്


പാ. വിജയകുമാർ

### സഹോദരന്മാർ


ബ്രദർ പീറ്റർ മാത്യു കല്ലൂർ


ബ്രദർ റെജി കൊന്നനിൽക്കുന്നതിൽ


ബ്രദർ ഷിബു വിക്ടർ


ബ്രദർ സൈലസ് എൻ.

JAYOLSAVAM MEDIA MINISTRIES Presents
HARVEST TV യിൽ
എല്ലാ ബുധനാഴ്ചയും രാവിലെ 7.30 ന്
പവ്വർ വിഷൻ ടിവിയിൽ
എല്ലാ ബുധനാഴ്ചയും രാവിലെ 9 ന്
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ



ദൈവവചനം പ്രസംഗിക്കുന്നു രോഗികൾക്കായി പ്രാർത്ഥിക്കുന്നു
കാണുക, അനുഗ്രഹിക്കപ്പെടുക
FOR MORE DETAILS: 9526952121

# ചർച്ച് പ്രോപ്പർട്ടി ബിൽ നടപ്പിലാക്കരുത്: ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷൻ

തിരുവല്ല: നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ചർച്ച് പ്രോപ്പർട്ടി ബിൽ പിൻവലിക്കണമെന്ന് ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷൻ ആവശ്യപ്പെട്ടു. ക്രൈസ്തവ സഭകൾക്കെതിരെയുള്ള നീക്കം മതനിരപേക്ഷതയ്ക്ക് നിരക്കാത്തതാണ്. സഭയുടെ സ്വത്ത് സർക്കാരിന്റെ നിയന്ത്ര ണത്തിലാക്കാനുള്ള ഗൂഢനീക്കാമണിതെന്ന് തിരുവല്ലയിൽ കൂടിയ യോഗം വിലയിരുത്തി.നിലവിലുള്ള സംവിധാനത്തെ അട്ടിമറിച്ച് സർക്കാർ ക്രൈസ്തവ സഭയെ ചൊൽപടിക്കു നിർത്താനുള്ള നീക്കം അപലപനീയമാണ്.ആക്ടിംഗ് ചെയർമാൻ സാംകുട്ടി ചാക്കോ നിലമ്പൂർ അദ്ധ്യക്ഷനായിരുന്നു. കൗൺസിലംഗം ഷാജി മാറാനാഥാ പ്രമേയം അവതരിപ്പിച്ചു. ബിൽ നടപ്പിലാക്കില്ലെന്ന് മുഖ്യമന്ത്രി പറയുമ്പോഴും ബില്ലിനെ സംബന്ധിച്ച ദുരൂഹത തുടരുകയാണ്. ചർച്ച് പ്രോപ്പർട്ടി ബിൽ നടപ്പിലാക്കിയാൽ ശക്തമായി പ്രതിഷേധ പരിപാടികളുമായി മുന്നോട്ട് പോകുമെന്നും യോഗം മുന്നറിയിപ്പ് നല്കി.ചെയർമാൻ സി.വി.മാത്യു, ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ കോർഡിനേറ്റർ ടോണി ഡി. ചെവൂക്കാരൻ, ജനറൽ ട്രഷറാർ ഫിന്നി പി മാത്യു, അച്ചൻകുഞ്ഞ് ഇലന്തൂർ, കെ.ബി. ഐസക്ക്, സി.പി.മോനായി എന്നിവർ പ്രസംഗിച്ചു

# ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷൻ രജിസ്ട്രേഷൻ തുടങ്ങി;

കുമ്പനാട്: ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷനിൽ അടുത്ത മൂന്ന് വർഷം (2019 2020) പ്രദേശിക സൺഡേസ്കൂളുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി.

രജിസ്ട്രേഷൻ ഫോമുകൾ സെന്റർ ഭാരവാഹികൾ മുഖേന സൺഡേസ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. അധ്യാപകരുടെയും വിദ്യാർത്ഥി കളുടെയും വിശദവിവരങ്ങൾ ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്. മൂന്ന് വർഷത്തേക്ക് 200 രൂപ മാത്രമാണ് രജിസ്ട്രേഷൻ ഫീസ്. പരീക്ഷയ്ക്കും താലന്തുപരിശോധനയ്ക്കും വിവിധ സഹായങ്ങൾക്കുമുള്ള അടിസ്ഥാനരേഖയാണ് രജിസ്ട്രേഷൻ ഫോം.

സെന്റർ സൺഡേസകൂൾ സെക്രട്ടറിമാർ പൂരിപ്പിച്ച ഫോമുകൾ ഫീസ് സഹിതം വാങ്ങി മാർച്ച് 31ന് മുൻപ് കുമ്പനാട് ഓഫീസിലോ ജനറൽ സെക്രട്ടറിയ്ക്ക് നേരിട്ടോ എത്തിക്കണം. ഫോൺ: 9447156399, 9447458727.

# ആർക്കായിയോസ് – 2019 ബൈബിൾ ക്വിസ്സ്

വേങ്ങൂർ : ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ വേങ്ങൂർ സെന്റർ പി.വൈ.പി.എ-യുടെ നേതൃത്വത്തിൽ ആർക്കായിയോസ് 2019 എന്ന പേരിൽ ഒരു ബൈബിൾ കിസ്സ് നടത്തുവാൻ ആഗ്രഹിക്കുന്നു. കൊല്ലം ചെറുവക്കൽ ന്യു ലൈഫ് ബിബ്ലിക്കൽ സെമനാരിയിൽ 2019 മെയ് 4 -ാം തീയതി രാവിലെ ഒൻപത് മുതൽ നടക്കന്ന കിസ്സ് മത്സരത്തിൽ ഉല്പത്തി, ദാനിയേൽ, യോഹന്നാൻ സുവിശേഷം എന്നീ പുസ്തകങ്ങളിൽ നിന്നാണ് ചോദ്യങ്ങൾ. ആർക്കും പങ്കെടുക്കാം, ഒന്നാം സമ്മാനം 15,000 രൂപയും രണ്ടാം സമ്മാനം 10,000 രൂപയും മൂന്നാം സമ്മാനം 5,000 രൂപയും കൂടാതെ പ്രോൽസാഹനസമ്മാനങ്ങളും. ഇതിൽ ചേരുന്നതിനു രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. ഇതിനു രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി 2019 ഏപ്രിൽ 29 തിങ്കളാഴ്ചയാണ്. ഇതിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. **9447236394, 7510595970, 9562619606**

# ഐ.പി.സി സൺഡേസ്കൂൾ 15–ാം ക്ലാസ് ബിരുദദാനം ഏപ്രിൽ 20ന്

കുമ്പനാട്: ഐ.പി.സി സൺഡേസ്ക്കൂൾസ് അസോസിയേഷൻ 15-ാം ക്ലാസ് പൂർത്തിയാക്കിയവർക്കുള്ള ഈ വർഷത്തെ ബിരുദദാനം 2019 ഏപ്രിൽ 20 ശനിയാഴ്ച്ച രാവിലെ 9 ന് കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ നടക്കും.

15-ാം ക്ലാസ് പൂർത്തിയാക്കിയവർ വാർഷീക പരീക്ഷയ്ക്ക് വാങ്ങിയ മാർക്കും വ്യക്തിവിവരങ്ങളും വിലാസവും സഹിതം സഭയുടെ ലെറ്റർപാഡിൽ എഴുതി പാസ്പോർട്ട്സൈസ് ഫോട്ടോ പതിച്ച് സഭാ ശുശ്രൂഷകന്റെയും ഹെഡ്മാസ്റ്ററുടെയും ശുപാർശയോടെ മാർച്ച് 30ന് മുൻപ് ജനറൽ സെക്രട്ടറിക്ക് അയക്കേതാണെന്ന് ഡയറക്ടർ കുര്യൻ ജോസഫ്, സെക്രട്ടറി ജോസ് തോമസ് ജേക്കബ് എന്നിവർ അറിയിച്ചു. ഫോൺ: 9447458722.

# ബിബ്ലിക്കയുടെ മലയാളം നൂതനപരിഭാഷ ഓഡിയോ ബൈബിൾ ആപ്പ് പുറത്തിറങ്ങി.

കോട്ടയം : എൻ.ഐ.വി. ബൈബിൾ പ്രസാധകരായ ബിബ്ലിക്കയുടെ മലയാളം നൂതനപരിഭാഷ ഓഡിയോ ബൈബിൾ ആപ്പ് പുറത്തിറങ്ങി. ഒരു വർഷം കൊണ്ട് ബൈബിൾ വായിച്ചു തീർക്കാവുന്ന ബൈബിൾ വായനാ പ്ലാൻ ഈ ആപ്പിൽ ഉൾപെടുത്തിയിട്ടുണ്ട്. മറ്റു വിവിധ ബൈബിൾ വായനാ പ്ലാനുകൾ വരും ദിനങ്ങളിൽ കൂട്ടി ചേർക്കും എന്ന് പ്രസാധകർ അറിയിച്ചു.

ബിബ്ലിക്ക 2017-ൽ പുറത്തിറക്കിയ മലയാളം നൂതനപരിഭാഷ (Malayalam Contemporary Version) ബൈ ബിൾ ആദ്യമായാണ് ആപ്പ് രൂപത്തിൽ പുറത്തിറങ്ങുന്നത്. ഫെയിത്ത് കംസ് ബൈ ഹിയറിംഗിന്റെ ഗ്ലോബൽ ബൈബിൾ ആപ്പ് പ്രൊജക്റ്റിന്റെ ഭാഗമായാണ് ഈ ബൈബിൾ ആപ്പ് റിലീസ് ചെയ്തിരിക്കുന്നത്.

ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങൾക്ക് മലയാളം ബൈബിൾ നിങ്ങളുടെ സ്മാർട്ട് ഫോണുകളിൽ ഓഫ്ലൈൻ ആയി വായിക്കാം. വായിക്കുന്ന ഭാഗം അതെ സമയം തന്നെ ശ്രവിക്കുവാൻ കൂടി സഹായിക്കുന്ന ഓഡിയോ ബൈബിള് ഇന്റഗ്രേഷൻ ഈ ആപ്പിന്റെ സവിശേഷതയാണ്. കൂടാതെ ബൈബിൾ വായനാ പ്ലാൻ, ലളിതമായ ഇൻറർഫേസ്, അനായാസം വായിക്കാവുന്ന മലയാളം യൂണികോഡ് ഫോണ്ട്, വാക്യങ്ങൾ ഹൈലൈറ്റ് ചെയ്യാൻ ഉള്ള ഓപ്ഷൻ, നോട്ടുകൾ ആഡ് ചെയ്യാൻ ഉള്ള ഓപ്ഷൻ, സോഷ്യൽ മീഡിയ ഷെയർ ബട്ടൻസ് എന്നീ സവിശേഷതകൾ ഈ ആപ്പിൽ ലഭ്യമാണ്. ഡൗൺലോഡ് ചെയ്യുവാൻ സന്ദർശിക്കുക https://play.google.com/store/apps details?id=org. fcbh.mjsbib. malayalambible.biblica.mcv

# അഭ്യർത്ഥന



**പാസ്റ്റർ സുരേഷ് കീഴൂർ,** ദാനിയേൽ മേരിക്കുട്ടി ദാനിയേൽ ദമ്പതികളുടെ മകനായി ജനിച്ചു. കോട്ടയംബസേലിയോസ് കോളജിൽ നിന്ന് ബികോം പഠനത്തിന് ശേഷം ഇറ്റാർസി സി.ഐ.ബി.സിയിലും ഗുഡ് ന്യൂസ് ഫോർ എഷ്യയിൽ നിന്നും തിരുവചനപഠനം പൂർത്തിയാക്കി 29 വർഷമായി കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്നു. യാക്കോബായ വിശ്വാസത്തിൽ നിന്ന് ഏകയായി പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച ലിസ്സി സഹധർമ്മിണിയാണ്.

പെന്തെക്കോസ്ത് വിശ്വാസത്തിന്റെ മൂന്നാം തലമുറക്കാരൻ, വേദ അദ്ധ്യാപകൻ, പ്രസംഗകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്യുന്നു. 11 വർഷമായി കുറവിലങ്ങാട് സെന്റർ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. തന്റെ കാലശേഷവും സുവിശേഷത്തിന്റെ ദീപശിഖ തുടർന്ന്കൊണ്ടുപോകുവാൻ മക്കൾ സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. തനതായ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഈ ശുശ്രൂഷകൻ ഐ.പി.സി കൗൺസിൽ അംഗമായി കോട്ടയത്ത് നിന്നും ജനവിധി നേടുന്നു


JAYOLSAVAM NEWS

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

മാനേജിംഗ് എഡിറ്റേഴ് സ്
ജോജി ഐപ്പ് മാത്യൂസ്
സിസ്റ്റർ ലിസാ ദാനിയേൽ

മാനേജർ
ജയ്സൺ സോളമൻ

അസ്സോ. എഡിറ്റർ
സുവി. അജികുമാർ കാട്ടാക്കട
ബ്രദർ സന്തോഷ് റ്റി. പട്ടം

ജനറൽ എഡിറ്റേഴ്സ്
സജി മത്തായി കാതേട്ട്
പാസ്റ്റർ ജിജി ചാക്കോ
സുവി. എബിൻ ഇ. എസ്.

ഓവർസീസ് എഡിറ്റർ
പാസ്റ്റർ ബിനു ജേക്കബ്ബ്



Jesus Shall Set You Free



ആരാധനയ്ക്കും കൂട്ടായ്മയ്ക്കും

IPC ജയോത്സവം വർഷിപ്പ് സെന്റർ
ബെനടിഡിക്ട് നഗർ, നാലാഞ്ചിറ



Pastor Daniel Konnanilkkunnathil& Family

ആരാധനസമയം
ഞായർ രാവിലെ 9.00 മുതൽ 12.30 വരെ
സണ്ടേസ്കൂൾ രാവിലെ 8.00 മുതൽ 9.30 വരെ

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ
ഫോൺ: 9526952121


## ജയോത്സവം മാസിക വരി സംഖ

| | | |
|---|---|---|
| ഇന്ത്യയിൽ ഒരു വർഷത്തേക്ക് | – | 120 രൂപ |
| യു. എസ്. എ. ഒരു വർഷം | – | 50 ഡോളർ |
| ഗൾഫ് ഒരു വർഷം | – | 2000 രൂപ |
| യു. കെ ഒരു വർഷം | – | 20 പൗണ്ട് |

## ജയോത്സവം പരസ്യനിരക്ക്

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| 2 Page | 26000 | 14000 |
| 1 Page | 13000 | 7000 |
| 1/2 Page | 6500 | 3500 |
| 1/4 Page | 3250 | 2000 |
| 10cm x 3 Colum | 1500 | 1000 |
| 5cmx1colum | 750 | 500 |

# ഒരു മനുഷ്യന് എത്ര രൂപ വില കിട്ടും





പാസ്റ്റർ സുനിൽ വേട്ടമല

**മനുഷ്യൻ വിലപ്പെട്ടവനാകുന്നത് അവനിൽ നിക്ഷേപിക്കപ്പെട്ട ആത്മാവ് നിമിത്തമാണ്. ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയാലും അവന്റെ ആ ത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം എന്ന് ബൈബിൾ ചോദിക്കുന്നു. മാന്യ മിത്രമേ, താങ്കൾ ദൈവത്തിന് ഈ ഭൂമിയെക്കാൾ വിലപ്പെട്ടവനാണെന്നറിയുക.**

**ഒരു** മനുഷ്യന് എന്ത് വില ഉണ്ടാകും. ഒരു മഹത് വ്യക്തി കണക്ക് കൂട്ടി പറഞ്ഞ കണക്ക് കേൾക്കു. അൽപ്പം ഉപ്പിനുള്ള മാഗ്നിഷ്യം. ഒരു ആണിക്കുള്ള ഇരുമ്പ്, ഒരു മുറി വെള്ള തേക്കാനുള്ള ചുണ്ണാമ്പ്, ഒരു പട്ടികുഞ്ഞിന്റെ ചെള്ള് കളയാനുള്ള ഗന്ധകം, എട്ട് കട്ട സോപ്പ് ഉണ്ടാക്കാനുള്ള കൊഴുപ്പ്, പത്തു ഗ്യാലൻ വെള്ളം, രണ്ടായിരത്തി ഇരുന്നൂറ് തീപ്പെട്ടിക്കുള്ള ഫോസ്ഫറസ്, ഒമ്പതിനായിരം പെൻസിലിനാവശ്യമായ കാർബൺ.

ഇത്രയുമേയുള്ളുവെങ്കിൽ തീരെ കുറഞ്ഞ വിലയേ കിട്ടു എന്നു നാം ഓർത്തേക്കാം. അല്ല എങ്കിൽ മനുഷ്യന് വില വർദ്ധിപ്പിക്കുന്ന മറ്റെന്താണ് നമ്മുടെ ഉള്ളിൽ ഉള്ളതെന്ന് നാം ആലോചിക്കണം.

നാം കാണുന്ന ഒരു രൂപം മാത്രമല്ല മനുഷ്യൻ മറിച്ച് മൂന്ന് ഭാഗങ്ങളുടെ സംയോജനമാണ് നാം. നാം രണ്ട് വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നും ഉദ്ഭവിച്ച മൂന്ന് ഭാഗങ്ങൾ. നമുക്ക് കാണാൻ കഴിയുന്ന ഒരു ഭാഗം ഉള്ളപ്പോൾ കാണുവാൻ കഴിയാത്ത വേറെ രണ്ട് ഭാഗങ്ങളുണ്ട്. മണ്ണും വിണ്ണുമാണ് രണ്ട് ഉറവിടങ്ങൾ. കാണ്മാൻ കഴിയുന്ന ഭാഗം ഭൂമിയിൽ നിന്നെടുത്ത ഭൗതീക ശരീരവും കൺമാൻ കഴിയാത്ത ഭാഗങ്ങൾ ദൈവം ജീവശ്വാസം ഊതിയപ്പോൾ ഉള്ളിൽ പ്രവേശിച്ച ജീവനും ആത്മാവും ആണ്.

മണ്ണിൽ കാണുന്ന മൂലകങ്ങളായ മാഗ്നീഷം, ചെമ്പ്, ഇരുമ്പ്, ഫേസ്ഫറസ്, ചുണ്ണാമ്പ് തുടങ്ങിയവയാണ് ശരീരത്തിൽ. അതിനാൽ തന്നെ നാം മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവാരണെന്നുള്ള ബൈബിൾ വചനം ശരിയാണെന്നുറപ്പിക്കാം.

സെഖര്യാവ് 12: 1ൽ മനുഷ്യന്റെ ആത്മാവിനെദൈവം അവന്റെ ഉള്ളിൽ സൃഷ്ടിച്ചു എന്നു പറയുന്നു. പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും. ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും എന്ന് സഭാപ്രസംഗി 12: 7 പറയുന്നു.

മനുഷ്യനെ മൃഗത്തിൽ നിന്ന് വ്യത്യസ്തനാക്കുന്ന പ്രധാനഘടകം മനുഷ്യനിൽ വസിക്കുന്ന ആത്മാവാണ്. ദൈവത്തെ ആരാധിക്കണം, ദൈവത്തോടു പ്രാർത്ഥിക്കണം, ദൈവത്തെ കണ്ടെത്തണം തുടങ്ങിയ ആത്മീയ ചിന്തകളുള്ള മനുഷ്യനിൽ ആത്മാവുള്ളതിനാലാണ്. ദൈവത്തോട് മനുഷ്യാത്മാവ് ബന്ധപ്പെടാത്ത കാലത്തോളം അത് അസ്വസ്ഥമായിരിക്കും.

ദേഹം, ദേഹി, ആത്മാവ് എന്നീ ത്രിവിധ ഘടകങ്ങളുടെ സംയോജനമാണ് മനുഷ്യൻ എന്ന് ബൈബിൾ വ്യക്തമായ സൂചന നൽകുന്നു. 1 തെസ്സെലൊനിക്യർ 5: 23 പറയുന്നത് ശ്രദ്ധിക്കുക; " നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കുമാറാകട്ടെ''. ഇവ മൂന്നിനെയും എങ്ങനെതിരിച്ചറിയാം.

ദേഹം എന്ന് പറയുന്ന ദൃശ്യഭാഗത്തിന് ഇംഗ്ലീഷിൽ ബോഡി എന്നും ഗ്രീക്കിൽ സർക്സ് എന്നും പറയുന്നു. ജീവശാസ്ത്രം ദേഹത്തിനേ പ്രാധാന്യം നൽകുന്നുള്ളു. പക്ഷേ ശാസ്ത്രം ഇത്രമാത്രം പുരോഗതിയിൽ എത്തിയിട്ടും മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങളെ പൂർണ്ണമായി ഗ്രഹിക്കുന്നതിനായിട്ടില്ലെന്ന് മാത്രമല്ല. ചില ഭാഗങ്ങൾ എന്തിനാണ് ശരീരത്തിൽ ഉള്ളതെന്ന് പോലും വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യൻ എന്ന് പറയുന്നത് കേവലം ശരീരം മാത്രമല്ല. അതിനപ്പുറമുള്ള എന്തോ ആണെന്ന് ശാസ്ത്രവും സമ്മതിക്കുന്നുണ്ട്. ശരീരത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടാലും മനുഷ്യൻ പിന്നെയും ജീവിക്കുന്നു. എന്തോ ചില അത്ഭുതങ്ങൾ മനുഷ്യനെ സംബന്ധിച്ചുണ്ട് എന്ന് വിശ്വാസികളല്ലാത്തവരും സമ്മതിച്ചേക്കാം. എന്തായാലും ശരീരം പൂർണ്ണമായും മണ്ണിൽ ലയിച്ചുചേരുന്നതിനാൽ ഇതിനെമണ്ണിൽ നിന്ന് എടുത്തു എന്ന ബൈബിൾ വിശദീകരണം എല്ലാവർക്കും സ്വീകാര്യമായിരിക്കും. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം ബുദ്ധിപരം മാത്രമാണെന്ന് പറഞ്ഞാൽ അത് ആരും അംഗീകരിച്ച് തരും എന്ന് തോന്നുന്നില്ല.

ഇംഗ്ലീഷിൽ സോൾ എന്നും ഗ്രീക്കിൽ പ്സ്യൂഖേ എന്നും വിളിക്കുന്ന ദേഹി ബുദ്ധി, ഇച്ഛ, വികാരം, വിചാരം എന്നിവ അടങ്ങിയ സ്വയബോധത്തിന്റെ ഇരുപ്പിടമാണ്. ഒറ്റവാക്കിൽ ദേഹിയെ വ്യക്തിത്വം എന്നോ മനസ്സ് എന്നോ വിളിക്കാം. ചിന്തിക്കാനുള്ള അവയവമാണ് മനസ്സ്. സ്നേഹം കോപം, സന്തോഷം ദുഃഖം തുടങ്ങിയവയുടെ ഇരുപ്പിടമാണ് വികാരമണ്ഡലം.

ശരീര ശാസ്ത്രപരമായി തലച്ചോറും മനശാസ്ത്രപരമായി മനസ്സും ഒന്നാണെന്ന് പണ്ഡിതന്മാർ പറയുന്നു. ദേഹിക്ക് മരണമില്ല. ശരീരത്തിൽ നിന്നും മരണത്തോടെ വേർപെടുന്ന ദേഹി ഭൗതീക ലോകത്തിൽ നിന്ന് ആത്മീക ലോകത്തേക്ക് പ്രവേശിക്കുകയാണ്. ഭൗതീക ലോകം ഉള്ളതുപോലെ ആത്മീകലോവും ഉണ്ട്. ദൈവത്തെകൂടാതെ ദൂതന്മാരും മരിച്ച വിശുദ്ധന്മാരുടെ ആത്മാക്കളും ആത്മലോകത്തിൽ ഉണ്ട്. ആത്മലോകത്തിന്റെ മറുഴവശത്ത് സാത്താൻ, അവന്റെ ദൂതന്മാർ, നരകത്തിലേക്ക് പ്രവേശിക്കുവാൻ കാത്തിരിക്കുന്ന മരിച്ചവരുടെ ആത്മാക്കൾ എന്നിവ ഉണ്ട്.

ആത്മാവ ദൈവത്തോടു ബന്ധപ്പെടാൻ മനുഷ്യനിലുള്ള ഘടകമാണ് മനുഷ്യാത്മാവ് അഥവാ ദൈവത്തോടുള്ള സംസർഗ്ഗം അനുഭവിക്കുന്നതിനായി നമ്മിൽ നിർമ്മിതമായ ദൈവാംശമാണ് ആത്മാവ് അഥവാ സ്പിരിറ്റ്. ആരും നിങ്ങളെ ചതിക്കരുത് എന്ന ഗ്രന്ഥത്തിൽ ജോബി ജോർജ്ജ് പറയുന്നു " മനുഷ്യന് ഭൗതീക ലോകവുമായി ബന്ധപ്പെടാൻ ശരാരവും ആത്മലോകവുമായി ബന്ധപ്പെടാൻ ആത്മാവും എന്നതാണ് മനുഷ്യസൃഷ്ടിയുടെ ക്രമം. പഞ്ചേന്ദ്രിയങ്ങളിലൂടെ ലോകത്തിലെ അറിവുകളും അവസ്ഥകളും നാം അനുഭവിച്ചറിയുന്നതുപോലെ ആത്മാവ് എന്ന ഇന്ദ്രീയം കൊണ്ട് ആത്മലോകം മനുഷ്യന് അനുഭവിക്കാം. മനുഷ്യൻ പാപം ചെയ്തപ്പോൾ ആ ത്മാവ് എന്ന ഇന്ദ്രീയം ഏകദേശം നിർജ്ജീവമാകുകയും ഭൗതീക ലോകത്തെക്കുറിച്ച് മാത്രമറിയുവാൻ കഴിയുന്ന വിധത്തിൽ തരം താഴുകയും ചെയ്തു. ഇപ്പോഴത്തെ മനുഷ്യനിലെ ആത്മാവ് മിക്കവാറും നിർജ്ജീവ അവസ്ഥയിലാണ്. അതുകൊണ്ടാണ് സാധാരണ മനുഷ്യൻ ആത്മാലോകത്തെക്കുറിച്ച് ചിന്തിക്കാത്തത്. എന്നാൽ മനുഷ്യൻ സുവിശേഷം അംഗീകരിക്കുമ്പോൾ അവനിലേക്ക് ആത്മാവാകുന്ന ദൈവം ഇറങ്ങിവരുകയും ദൈവീക ജീവൻ ആത്മാവിൽ നിറയുകയും ചെയ്യും.''

എന്താണ് സുവിശേഷം. മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്ന് പാപിയായി ജീവിക്കുകയാണ്. പാപത്തിന് പരിഹാരമായി ദൈവം അയച്ച പ്രതിനിധിയാണ് യേശു. അവിടുന്ന് മനുഷ്യന്റെ പാപം ഏറ്റെടുത്ത് ദിവ്യ ബലിയായി. യേശുവിന്റെ ക്രൂശ് മരണം എന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടിയായിരുന്നു എന്ന് അംഗീകരിക്കുന്ന ഏതൊരാൾക്കും പാപമോചനവും രക്ഷയും ലഭിക്കും എന്നുള്ളതാണ് സുവിശേഷം. മനുഷ്യന്റെ വിലയെക്കുറിച്ചാണ് നാം പറഞ്ഞ് തുടങ്ങിയത്. മനുഷ്യൻ വിലപ്പെട്ടവനാകുന്നത് അവനിൽ നിക്ഷേപിക്കപ്പെട്ട ആത്മാവ് നിമിത്തമാണ്. ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും അവന്റെ ആത്മാവിനെനഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം എന്ന് ബൈബിൾ ചോദിക്കുന്നു. മാന്യ മിത്രമേ, താങ്കൾ ദൈവത്തിന് ഈ ഭൂമിയെക്കാൾ വിലപ്പെട്ടവനാണെന്നറിയുക. അത്ര വിലപ്പെട്ട ആത്മാവിനെനഷ്പ്പെടുത്തരുത് എന്ന് താങ്കളുടെ കാലുപിടിച്ച് അപേക്ഷിക്കാനും എനിക്ക് മടിയില്ല. കൂടുതൽ അറിയണമെങ്കിൽ ഞങ്ങളെ വിളിക്കു. ഞങ്ങൾക്ക് താങ്കളെ സഹായിക്കാൻ കഴിഞ്ഞേക്കാം. ഫോൺ: 9847813148

### ജയോത്സവം ന്യൂസ് അറിയിപ്പ്

**ജയോത്സവം ന്യൂസിന് വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, പരസ്യങ്ങൾ തുടങ്ങിയവ അയക്കുമ്പോൾ പേജ്മേക്കർ (പി.എം.ഡി) ഫയൽ അയച്ചു തരിക.**

ജയോത്സവം ന്യൂസിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, വാർത്തകൾ എന്നിവയിലെ ഉപദേശ വിഷയങ്ങൾ, വിവാദങ്ങൾ എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം അത് എഴുതുന്ന വ്യക്തികൾക്ക് മാത്രമായിരിക്കും.

# സുവിശേഷ വയലിൽ വിശ്വസ്ത സാക്ഷിയായി

## പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

**സുവിശേഷ രണാങ്കണത്തിൽ വിശ്വസ്തതയോടും ആദർശത്തോടുംകൂടെ ഉപദേശത്തിൽ അയവുവരുത്താതെ ജീവീത ശൈലിയും കർമ്മനിരതയും നേതൃത്വപാടവംകൊണ്ടും ഏറെ വ്യത്യസ്തനാണ് പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ. സഭാ ശുശ്രൂഷകൻ, വേദാധ്യാപകൻ, ടി. വി. പ്രഭാഷകൻ, എഴുത്തുകാരൻ, സാമൂഹ്യപ്രവർത്തകൻ, മികച്ച സംഘാടകൻ എന്നീ നിലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് മൂന്ന് പതിറ്റാണ്ടായി ദൈവരാജ്യ വ്യാപ്തിക്കായ് പ്രയത്നിച്ച്ക്കൊണ്ടിരിക്കുന്ന പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിലിന്റെ ജീവിത അനുഭവങ്ങളിലേക്ക് ഒരു എത്തി നോട്ടമാണ് ഈ ഫീച്ചർ.**



പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ലിസ, റിബേക്ക, ഹന്ന

കോഴഞ്ചേരി, തടിയൂർ കൊന്നനിൽക്കുന്നതിൽ കെ. സി. ചാക്കോയുടെയും ശോശാമ്മ ചാക്കോയുടെയും ഇളയ മകനായി പാരമ്പര്യ മാർത്തോമ്മ കുടുംബത്തിൽ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ ജനിച്ചു. ഹൈസ്ക്കൂൾ അധ്യാപികയായ മാതാവിന്റെ ജോലിയോടുള ബന്ധത്തിൽ തിരുവന്തപുരത്ത് കവടിയാറിൽ സ്ഥിരതാമസമാക്കുകയും പാസ്റ്റർ ദാനിയേൽ കവടിയാറിൽ ജനിച്ച് വളരുകയും ചെയ്തു.

എയർഫോഴ്സ് ഉദ്യോഗസ്ഥനായ പിതാവ് ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷം പേരൂർക്കടയിൽ സ്വന്തമായി ബിസിനസ്സ് ആരംഭിച്ചു. എന്നാൽ താൻ ഒരു തികഞ്ഞ മദ്യപാനിയായിരുന്നു. പിതാവിന്റെ മദ്യപാനം കുടുബത്തിന്റെ സന്തോഷവും സ്വസ്ഥതയും തകർത്തു. ഈ അവസരത്തിലാണ് അയൽവാസിയായ ബ്രദർ എ. തോമസ് പാസ്റ്റർ കെ. സി. തോമസിനെകൂട്ടി ഭവനത്തിൽ വരികയും സുവിശേഷം പറയുകയും പ്രാർത്ഥിക്കുകയും ചെയ്തു. പ്രാരംഭത്തിൽ ഈ ഭവനം പെന്തെക്കോസ്ത് വിശ്വാസത്തിന് ഏതിരായിരുന്നു. എന്നാൽ പാസ്റ്റർ കെ. സി. തോമസിന്റെ നിരന്തരമായ പ്രാർത്ഥനയും ഭവനസന്ദർശനവും തന്റെ ജീവിതവും ഈ കുടുംബത്തെ സ്വാധീനിക്കുകയും പാസ്റ്റർ ദാനിയേലിന്റെ മാതാവ് ഏകയായി രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വരികയും ചെയ്തു. അതുവരെ അനുഭവിച്ചിട്ടില്ലാത്ത സന്തോഷവും സമാധാനവും ആ കുടുംബവുത്തിൽ ഉണ്ടായി.

1987 ൽ പാസ്റ്റർ ദാനിയേൽ രക്ഷിക്കപ്പെടുകയും പാസ്റ്റർ കെ. സി. തോമസിന്റെ കൈക്കീഴിൽ സ്നാനപ്പെടുകയും ചെയ്തു. 1988 ൽ അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ മാതാവ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ കെ. സി. ജോണിന്റെ നെടുമ്പുറത്തെ സെമിത്തേരിയിൽ മാതാവിന്റെ ഭൗതീക ശരീരം സംസ്ക്കരിച്ചു. മാതാവിന്റെ മരണം പാസ്റ്റർ ദാനിയേലിന്റെ ജീവിതത്തെ മാറ്റി. മാതാവിന്റെ ശവസംസ്ക്കാരം കഴിഞ്ഞ് മടങ്ങി വന്ന് രാത്രി ഭവനത്തിലായിരിക്കുമ്പോൾ ദൈവാത്മാവ് ശക്തമായി തന്നോട് ഇടപെടുകയും നിത്യനായ ദൈവത്തിന്റെ സമാധാനസുവിശേഷം അറിയിക്കുവാൻ സ്വയം സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 1989 ൽ കോട്ടയത്തുള്ള വടവാതൂർ ശാലേം ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ പാസ്റ്റർ പി.എം. ഫിലിപ്പ് അവർകളുടെ ശിഷ്യത്വത്തിൽ ദൈവവചനം അഭ്യസിച്ചു. പഠനകാലയളവിൽ തന്നെ കോട്ടയത്തെ നാലുനാക്കലിൽ പ്രവർത്തനം ആരംഭിച്ചു.

പഠനാനന്തരം 18-ാം വയസ്സിൽ കാട്ടാക്കടയ്ക്ക് അടുത്തുള്ള പുഴനാട് ഐ. പി.സി.സഭയുടെ ചുമതല ഏറ്റെടുത്തു. മണ്ണുകൊണ്ടുള്ള ചോർന്നൊലിക്കുന്ന ഓലക്കെട്ടിടത്തിൽ സഭാ പ്രവർത്തനം ആരംഭിക്കുകയും ചുരുങ്ങിയ കാലം കൊണ്ട് അനേകം ആത്മാക്കളെയും മനോഹരമായ സഭാഹാളും അതിനോട് ചേർന്ന് ഒരു മുറിയും പണിയുന്നതിന് ആ യുവ സുവിശേഷകനെ ദൈവം പ്രാപ്തനാക്കി. എന്നാൽ ശുശ്രൂഷയോടുള്ള ബന്ധത്തിൽ കഷ്ടപ്പാടുകളും സ്വഭവനത്തിലെ പ്രതികൂലങ്ങളും അനവധിയായിരുന്നു. ഈ അനുഭവങ്ങൾ തന്നെ വടക്കേ ഇന്ത്യയിലേക്ക് പോകുവാൻ ഒരുക്കുകയായിരുന്നു. ഉത്തർപ്രദേശിലേക്ക് സുവിശേഷകനായി പോകുന്ന പാസ്റ്റർ ദാനിയേലിനെ തന്റെ പിതാവ് നിരുത്സാഹപ്പെടുത്തി. "നീ വടക്കേ ഇന്ത്യയിലേക്ക് പോയാൽ അലഞ്ഞുതിരിഞ്ഞ് ഒരു നായയെപ്പോലെ മടങ്ങി വരുമെന്ന്" പറഞ്ഞു. എന്നാൽ പിതാവിന്റെ വാക്കിന്റെ മുന്നിൽ വേദപുസ്തകം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. ഈ പുസ്തകം എടുത്തവരാരും നശിച്ചുപോയിട്ടില്ല. ദൈവം എന്നെ നടത്തും. അങ്ങനെ 25 രൂപയുമായിട്ട് വടക്കേ ഇന്ത്യയിലേക്ക് ട്രെയിൽ കയറി. അവിടെ സ്വീകരിക്കുവാൻ വരാമെന്ന് പറഞ്ഞവർ ഒരു പക്ഷേ വന്നില്ലായെങ്കിൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ പണം ലാഭിക്കുവാൻ മൂന്ന് ദിവസവും ആഹാരം കഴിക്കാതെ ട്രെയിനിൽ യാത്ര ചെയ്തു. ഉത്തർപ്രദേശിലെ ലക്നൗവിലും കൺപൂരിലും ടീമായി സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പ്രേക്ഷിതപ്രവർത്തനത്തിൽ മറക്കാൻ കഴിയാത്ത അനുഭവങ്ങളാണ് വടക്കേ ഇന്ത്യൻ ജീവിതം അദ്ദേഹത്തിന് നൽകിയത്. 25 പൈസയുടെ തണുത്ത വെള്ളം പോലും കുടിക്കുവാൻ പലപ്പോഴും കൈയ്യിൽ പണമില്ലാത്ത അവസ്ഥയായിരുന്നു. ഈ സമയത്താണ് ഉപരിപഠനത്തിനായി ഹരിയാന ഗ്രേസ് ബൈബിൾ കോളജിൽ ചേരുകയും വേദശാസ്ത്രത്തിൽ ബിരുദം എടുക്കുകയും ചെയ്തു. പഠന കാലയളവിൽ വീട്ടുകാരുടെയോ മറ്റ് ആരുടെയും സഹായം തനിക്ക് ഉണ്ടായിരുന്നില്ല. കുളിക്കുവാനും അലക്കുവാനുമുള്ള സോപ്പും പഠനത്തിന് ഫീസ് അടയ്ക്കുവാനോ ഇല്ലായിരുന്നു. പണിയെടുത്താണ് ആ കാലത്ത് ഫീസ് അടച്ചിരുന്നത്.

1996 -ൽ തിരുവന്തപുരത്ത് മടങ്ങി വന്ന് പേരൂർക്കട ഐ. പി.സി. ഫെയ്ത്ത് സെന്റർ ചർച്ചിൽ പാസ്റ്റർ കെ.സി. തോമസിന്റെ സഹശുശ്രൂഷകനായി പ്രവർത്തനം ആരംഭിച്ചു. വീടുമായി ബന്ധമില്ലാത്തതിനാൽ പെയിംഗ് ഗസ്റ്റായും ലോഡ്ജ് മുറികളിലും താമസിച്ചാണ് ശുശ്രൂഷ നിർവ്വഹിച്ചത്. 1996 മുതൽ 2000 വരെ പാസ്റ്റർ കെ. സി. തോമസിന്റെ സഹശുശ്രൂഷകനായിരുന്നു. 1997 മുതൽ 2005 വരെ ഫെയ്ത്ത് ബൈബിൾ കോളജിന്റെ രജിസ്ട്രാറായും അധ്യാപകനായും സേവനമനുഷ്ഠിച്ചു. 1998 -ൽ യാക്കോബായ സമുദായത്തിൽ നിന്ന് ഒറ്റയ്ക്ക് വിശ്വാസത്തിൽ വന്ന എറണാകുളം പ്ലാക്കിൽ കുടുംബാംഗം ലിസാ മാത്യുവിനെ ജീവിത സഖിയാക്കി. ഒരു മിഷണറി കുടുംബം പിറന്നു വീണു. പാസ്റ്റർ ദാനിയേൽ - ലിസാ ദമ്പതികൾക്ക് ദൈവം രണ്ട് പെൺമക്കളെ നൽകി അനുഗ്രഹിച്ചു. റിബേക്കയും ഹന്നയും

2000ൽ വടക്കേ ഇന്ത്യയിലേക്ക് കുടുംബമായി പോകുവാൻ തീരുമാനിച്ച് യത്രയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഫെയ്ത്ത് സെന്റർ ചർച്ച് യത്ര അയപ്പ് നൽകി. ഈ സമയത്ത് ഏഴ് ദിവസം ഉപവസിച്ച് പ്രാർത്ഥനയോടിരിക്കുമ്പോൾ ഒടുവിലത്തെ ദിവസം ക്ഷണിക്കപ്പെട്ട കർത്തൃദാസൻ പാസ്റ്റർ നിരണം റെജി ദൈവാത്മാവിൽ തിരുവനന്തപുരത്ത് കോസ്റ്റൽ ഏരിയായിൽ ദൈവം നിന്നെ കണ്ടിരിക്കുന്നു എന്ന് ദൂത് പറഞ്ഞു. എന്നാൽ വടക്കേ ഇന്ത്യയിലേക്ക് മിഷനറി ആയി പോകുവാൻ തയ്യാറെടുത്തതിനാൽ ആ ദൂത് ഏറ്റെടുക്കുക അസാദ്ധ്യമായിരുന്നു. എന്നാൽ അടുത്ത ദിവസം സഭായോഗം കഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുമ്പോൾ കോളിംഗ് ബെൽകേട്ട്



ശംഖുംമുഖത്ത് പ്രാരംഭകാലത്ത് ആരാധിച്ച സി.എം.പി.പാർട്ടി ഹാൾ



ശംഖുംമുഖത്ത് പ്രാരംഭകാലത്ത് ആരാധനയ്ക്ക് നിർമ്മിച്ച ഷെഡ് പൊളിച്ചു മാറ്റുന്നു

**പാസ്റ്റർ ദാനിയേലിന്റെ സഹശുശ്രൂഷകരായിരുന്നവർ**





പാസ്റ്റർ ജോൺസൺ കുര്യൻ പാസ്റ്റർ രതീഷ് ഏലപ്പാറ

**ഇപ്പോഴത്തെ സഹശുശ്രൂഷകൻ**



പാസ്റ്റർ ജെറി ജോൺ കൊട്ടാരക്കര

പുറത്തേക്ക് ചെന്നപ്പോൾ പുറത്ത് നിന്ന ആൾ താൻ ശംഖുംമുഖത്ത് നിന്ന് വന്നതാണെന്നും ഈ നമ്പറിൽ വിളിക്കണമെന്ന് പറഞ്ഞ് ഒരു ഫോൺ നമ്പറും കൊടുത്തു. ആ നമ്പറിൽ വിളിച്ചപ്പോൾ കേൾപ്പാൻ കഴിഞ്ഞത് ഒരു ആന്റി, ഭവനത്തിൽ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ഇരുന്നപ്പോൾ സഭാ ശുശ്രൂഷയ്ക്കായി ദൈവം പാസ്റ്റർ ദാനിയേലിനെ ശംഖുംമുഖത്ത് അയക്കുമെന്ന വെളിപ്പാട് ദൈവം തനിക്ക് നൽകി. ഈ വെളിപ്പാടു കൂടി കേട്ടപ്പോൾ വടക്കേ ഇന്ത്യയിലേക്കുള്ള യാത്ര അവസാനിപ്പിച്ച് 2000 മാർച്ച് മൂന്നാം ഞായറാഴ്ച്ച തിരുവന്തപുരം കോസ്റ്റൽ ഏരിയായ ശംഖുംമുഖത്ത് തങ്കം ബി. മാണി എന്ന സഹോദരിയുടെ ഭവനത്തിൽ പാസ്റ്റർ ദാനിയേലും സഹധർമ്മിണിയും കൂടി പ്രാർത്ഥിച്ച് ആരംഭിച്ച എളിയ പ്രവർത്തനമാണ് ഇന്ന് തിരുവനന്തപുരം പട്ടണത്തിലെ ഐ.പി.സി.യുടെ വലിയ സഭകളിലൊന്നായ നാലാഞ്ചിറ ബനഡിക്ട് നഗറിലെ ഐ. പി. സി. ജയോത്സവം വർഷിപ്പ് സെന്റർ.

സഭാ സ്ഥാപനത്തോടുള്ള ബന്ധത്തിൽ തുടക്കം മുതൽ നിരവധി കഷ്ടങ്ങളിലൂടെയും വെല്ലുവിളികളിലൂടെയും കടന്ന് പോയി. പീഡനങ്ങളുടെ നടുവിലും സഭയെ വളർത്തിയ അരുമനാഥനായ കർത്താവ് ഈ സഭയെയും പണിതു. ആദ്യത്തെ ആറ് മാസം പാസ്റ്റർ ദാനിയേലും സഹധർമ്മിണിയും മാത്രമാണുണ്ടായിരുന്നത്. ഈ സമയത്ത് ഏഴ് ദിവസത്തെ ഉപവാസ പ്രാർത്ഥനയുടെ ഒടുവിൽ സമീപത്തെ ഹൈന്ദവ കുടുംബത്തിലെ കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ ഭാര്യ പ്രസന്നയും യോഗത്തിന് വന്നു. ദിവസവും രണ്ടും മൂന്നും നേരം ചുഴലി വരികയും രക്തവാതം വന്ന് രണ്ട് കാലും പഴുത്ത വൃണങ്ങളാൽ നിറഞ്ഞ ആ സഹോദരനെ ആ ഉപവാസ പ്രാർത്ഥനയിൽ ദൈവം അത്ഭുതകരമായി സൗഖ്യമാക്കി. സഭാ വളർച്ചയുടെ തുടക്കം ആയിരുന്നു അത്. ഈ കുടുംബം രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടപ്പോൾ സുവിശേഷ വിരോധികളിൽനിന്ന് എതിർപ്പുകൾ ഉണ്ടാകുകയും ആരാധിച്ചു കൊണ്ടിരുന്ന ഭവനം നഷ്ടപ്പെടുകയും ചെയ്തു. തുടർന്ന് ഈ കുടുംബവുമായി ശംഖുംമുഖം ബിച്ചിനടുത്തെ പാർക്കിലെ മരത്തണലിൽ ഇരുന്ന് മൂന്ന് മാസത്തോളം ദൈവത്തെ ആരാധിച്ചു. വിശ്വാസത്തിന്റെ പരിശോധന തീയിൽ ഊതിക്കഴിക്കുന്ന പൊന്നിനേക്കാൾ വിലയേറിയത്. ആ കാലയളവിലാണ് പാസ്റ്റർ ദാനിയേലിന്റെ സഹധർമ്മിണി ലിസ അതി കഠിനമായ ക്ഷയ രോഗം വന്ന് മരണാസന്നയായി കിടപ്പിലായി. ശ്വസകോശത്തിൽ നിന്ന് ദിവസവും 800 മില്ലിയിലധികം രക്ത കലർന്ന വെള്ളം ശരീരത്തിൽ ട്യൂബിട്ട് പുറത്തെടുക്കുമായിരുന്നു. മറുവശത്ത് പാസ്റ്റർ ദാനിയേൽ പ്രമേഹ രോഗിയായി. പ്രമേഹത്തിന്റെ അളവ് 600 വരെ ഉയർന്നു. ഇൻസുലിൻ ശരീരത്തിൽ ഫലിക്കാതെയായി. ശുശ്രൂഷിക്കുവാൻ പോലും കഴിയാത്ത അവസ്ഥ. എന്നാൽ കഠിനശോധനയുടെ തീച്ചൂളയിൽ അദ്ദേഹവും തന്റെ ഭാര്യയും ഒരുമിച്ച് കരങ്ങൾ കോർത്ത് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു.പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അത്യന്തപരമായ ശക്തി ലിസയിലേക്ക് പ്രവഹിച്ചു. ശ്വസിക്കുവാൻ കഴിയാതിരുന്ന അവസ്ഥയിൽ നിന്ന് ചാടി എഴുന്നേറ്റ് ദൈവത്തെ മഹത്വപ്പെടുത്തി. ലിസയ്ക്ക് പൂർണ്ണ സൗഖ്യം ലഭിച്ചു. അനന്തരം നടത്തിയ വൈദ്യപരിശോധനയിൽ ലഭിച്ച എക് സ്റേയിൽ ശ്വാസകോശത്തിന് ഒരുപാട്പോലും ഇല്ലാതെ ദൈവം സൗഖ്യമാക്കിയതായി കണ്ടു. തളർന്ന് പോയ പാസ്റ്റർ ദാനിയേലിനെ ദൈവം ശക്തിപ്പെടുത്തി. ഈ കഷ്ടതകളും രോഗവും സഭാപ്രവർത്തനത്തെ തടസ്സപ്പെടുത്തുവാൻ ദൈവം അനുവദിച്ചില്ല. പ്രതിസന്ധികളുടെ നടുവിലും ദൈവം സഭയെ വളർത്തിക്കൊണ്ടിരുന്നു. പാസ്റ്റർ ദാനിയേലിന്റെ വിജയത്തിന്റെ പിന്നിൽ ലിസയുടെ ആത്മാർത്ഥമായ പ്രാർത്ഥനയും പിന്തുണയുമാണ്. തന്റെ മക്കൾ ശുശ്രൂഷയ്ക്ക് കൈതാങ്ങാണ്. പലപ്പോഴും ശാരീരികമായി തളർന്ന അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ കാലിൽ മുഴ വന്ന് ഓപ്പറേഷൻ ചെയ്ത് ബയോപ്സി റിസൾട്ട് വന്നപ്പോൾ റേഡിയേഷന് വിധേയമാകണമെന്ന് ഡോക്ടർമാർ പറഞ്ഞ സ്ഥാനത്ത് പ്രാർത്ഥനയാൽ ദൈവം റിസൾട്ടിനെപ്പോലും മാറ്റി.

ഈ സമയത്താണ് ചാക്ക എയർപ്പോർട്ടിനടുത്ത് സി.എം.പിയുടെ പാർട്ടി ഓഫീസും ചെറിയ ഹാളും ആരാധനയ്ക്ക് ലഭിച്ചത്. 2004 ൽ ശംഖുംമുഖത്ത് നടന്ന ജയോത്സവം ക്രൂസേഡിൽ ചാക്ക ജംഗ്ഷനടുത്തുള്ള അമ്പലത്തിലെ പൂജാരിയും കുടുംബവും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടു. അതിനോടനുബന്ധിച്ച് ശക്തമായ എതിർപ്പും പ്രതിഷേധവും കാരണം പാർട്ടി ഓഫീസും നഷ്ടപ്പെട്ടു. തുടർന്ന് ചില മാസങ്ങൾ വീണ്ടും ശംഖുമുഖം ബീച്ച് റോഡ് സൈഡിൽ ഇരുന്ന് ആരാധിച്ചു തുടർന്ന് രണ്ട് വിശ്വാസിയുടെ പുരരയിടങ്ങളിൽ താത്ക്കാലികമായി ഹാൾ പണിതെങ്കിലും സുവിശേഷ വിരോധികൾ കടന്ന് വന്ന് രണ്ടും ചില ആഴ്ചകൾ കൊണ്ട് പൊളിച്ച് മാറ്റി വീണ്ടും ഇടമില്ലാതെ ശംഖുംമുഖം ബീച്ചിൽ ആരാധിച്ചു. ആ കാലയളവിൽ ഞങ്ങൾക്ക് സ്വന്തമായി വീട് വയ്ക്കാൻ കരുതിയിരുന്ന പണവും വിശ്വാസികളുടെ സഹായവും സഹകരണവും കൊണ്ട് ചാക്ക എയർപോർട്ടിനടുത്ത് സ്ഥലം വാങ്ങി. വസ്തു രജിസ്റ്റർ ആഫീസിൽ രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ പാസ്റ്റർ ദാനിയേൽ അരയ്ക്ക് താഴെ തളർന്ന് വീണു. വൈദ്യപരിശോധനയിൽ രോഗം ഒന്നും കണ്ടെത്തിയില്ല. 21 ദിവസം കട്ടിലിൽ കിടരോഗിയായി കിടന്നു. ദിനചര്യകൾ വരെ കിടക്കയിൽ ആയിരുന്നു. എന്നാൽ ഈ സമയത്ത് വിശ്വാസികൾ 21 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു. തത്ഫലമായി ശക്തനായ ദൈവം തന്നെ പതുക്കെ പതുക്കെ നടക്കുവാൻ സഹായിച്ചു. ഈ സന്ദർഭങ്ങളിൽ തന്റെ സഹശുശ്രൂഷകനായ രതീഷ് ഏലപ്പാറ തനിക്ക് വളരെ ആശ്വാസമായിരുന്നു. പ്രാർത്ഥനയാൽ സകലവും സാദ്ധ്യം ആക്കുന്ന ദൈവം 21-ാം ദിവസം എഴുന്നേററു നടക്കുവാൻ തനിക്ക് പ്രാപ്തി നൽകി. പാസ്റ്റർമാരായ ജോൺസൺ കുര്യൻ 12 വർഷവും, രതീഷ് ഏലപ്പാറ 8 വർഷവും തന്നോടൊപ്പം താമസിച്ച് ശുശ്രൂഷയ്ക്ക് കൈതാങ്ങായി നിന്നു.

ആരാധിക്കുവാൻ സ്വന്തമായി സ്ഥലം ഇല്ലാതെ ഏകദേശം ആറ് ഇടങ്ങളിലായി മാറി മാറി വിടുകളിലും ഹാളുകളിലും ദൈവത്തെ ആരാധിച്ചു. പാസ്റ്റർ ദാനിയേൽ വാങ്ങിച്ച സ്ഥലത്ത് സുവിശേഷവിരോധികളുടെ എതിർപ്പു കാരണം അധികാരികളിൽ നിന്ന് സഭാഹാൾ പണിയുന്നതിന് പെർമിറ്റ് കിട്ടുകയോ പണിയുവാനോ സാധിച്ചില്ല. ഈ സംഭവങ്ങൾ തന്നെ മാനസികമായി തളർത്തി. എന്നാൽ കർത്തൃവേലയിൽ പിടിച്ച് നിന്നത് ദൈവത്തിന്റെ മഹാകരുണയാണ്. 2010 ൽ ചാക്കയിൽ വാങ്ങിച്ച വസ്തു വിൽക്കുകയും തിരുവനന്തപുരം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നാലഞ്ചിറയിൽ ദൈവം സ്ഥലം ഒരുക്കുകയും ചെയ്തു. അവിടെയും സഭാഹാൾ പണിയുന്നതിന് ശക്തമായ വെല്ലുവിളികൾ ഉണ്ടായിരുന്നു. വാങ്ങിയ വസ്തു ചരിഞ്ഞ വസ്തു ആയതിനാൽ 20 അടി മണ്ണ് മാറ്റിയാണ് പണികൾ തുടങ്ങിയത്. എന്നാൽ അപ്രതീക്ഷിതമായി 2010 ജൂലൈ മാസത്തിൽ പെയ്തിറങ്ങിയ പെരുമഴയത്ത് 20 അടി താഴ്ചയിൽ പണിതുകൊണ്ടിരുന്ന പില്ലറുകളുടെ മുകളിലേക്ക് വസ്തുവിന്റെ സെഡിൽ കൂടെ ഉണ്ടായിരുന്ന ടാറിട്ട റോഡും 11 കെവി ഇവക്ട്രിക് പോസ്റ്റും ഉൾപ്പെടെ തകർന്ന് 150 അടി നീളത്തിലേക്ക് താഴേക്ക് ഇടിഞ്ഞ് വീണ് മണ്ണ്കൊണ്ട് നിറഞ്ഞു. ഇടിഞ്ഞ് വീണ സ്ഥലത്ത് റീട്ടേണിംഗ് വാൾ പണിയുന്നതിനും റോഡ് നിർമ്മാണത്തിനും വേണ്ടി വരുന്ന ലക്ഷങ്ങളുടെ ചിലവും മാനുഷികമായി അസാദ്ധ്യമായിരുന്നു. സകല വാതിലുകളും അടഞ്ഞതുപോലെ തോന്നി പുനർ നിർമ്മാണത്തിന് പണിയാൻ കഴിയാത്ത സാമ്പത്തീക ഞെരുക്കം. ആ ദേശത്ത് നിന്ന് ഓടിക്കുമെന്ന് വാദിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾ. എന്നാൽ ഈ വെല്ലുവിളികളുടെ നടുവിൽ കല്ലുകളെ ജീവിപ്പിക്കുന്ന നെഹമ്യാവിന്റെ ദൈവം ചണ്ടികൂമ്പാരങ്ങളിൽ നിന്ന് മൂന്ന് നിലകളിലായി 20,000 സ്ക്വയർ ഫിറ്റുള്ള മനോഹരമായ ആലയത്തിന്റെ പണി പൂർത്തീകരിച്ചു 2015 ജനുവരി 17 ന് പാസ്റ്റർ കെ. സി. തോമസിനാൽ പ്രതിഷ്ഠിക്കുവാൻ തനിക്ക് കൃപ നൽകി. പാസ്റ്റർമാരായ രാജു പൂവക്കാല, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിച്ചു. ഒന്നുമില്ലായ്മിൽ നിന്ന് ആരംഭിച്ച് കൂടെ പാടുവാൻ ആരാധിക്കുവാൻ ആരും ഇല്ലാതിരുന്ന സ്ഥാനത്ത് അല്പകാര്യങ്ങളുടെ ദിവസത്തെ തുച്ഛീകരിക്കാത്ത ദൈവം 500 ഓളം വിശ്വാസികളുള്ള സഭയായി ജയോത്സവം വർഷിപ്പ് സെന്ററിനെ ഉയർത്തിയത് ദൈവത്തിന്റെ വിശ്വസ്തതയാണ്.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി ഐ.പി.സി. എന്ന മഹാപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിവിധ ചുമതലകളിൽ എത്തിച്ചേരുവാൻ ദൈവം പാസ്റ്റർ ദാനിയേലിനെ സഹായിച്ചു. പി. വൈ.പി.യുടെ സംസ്ഥാനപ്രസിഡന്റായി രണ്ട് ടേം (6 വർഷങ്ങൾ), സൺഡേ സ്കൂൾ അസ്സോസിയേഷൻ ജനറൽ ഡപ്യൂട്ടി ഡയറക്ടറായി 3 വർശങ്ങൾ, ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രയർ ബോർഡിന്റെയും ഇവാഞ്ചലിസം ബോർഡിന്റെയും വൈസ്ചെയർമാനായി മൂന്ന് വർഷങ്ങൾ വീതവും ഇപ്പോൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഇവാഞ്ചലിസം ബോർഡിന്റെ കേരളാ സ്റ്റേറ്റ് ചെയർമാനായും സേവനമനുഷ്ടിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ 9 വർഷങ്ങളായി ഐ.പി.സി. കേരള സ്റ്റേറ്റിന്റെ കൗൺസിൽ പ്രസ്ബിറ്ററി മെമ്പർ ആയി പ്രവർത്തിക്കുന്നു. തിരുവനന്തപുരം മേഖലാ സെക്രട്ടറി, ഐ.പി.സി. വെമ്പായം ഏരിയാ പ്രസിഡന്റ് എന്നീ നിലകളിൽ ദീർഘവർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. ഇങ്ങനെ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയോടുള്ള ബന്ധത്തിൽ തന്നെ ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്തങ്ങളും പരമാർത്ഥതയോടും വിശ്വസ്തതയോടും കൂടി എല്ലാവരെയും ഒരുപോലെ സ്നേഹിച്ച് ബഹുമാനിച്ച് പക്ഷവാദരഹിതമായി ദൈവം കൊടുത്ത കൃപയ്ക്കും കഴിവിനും ഒത്തവണ്ണം പ്രവർത്തിക്കാൻ ദൈവം തന്നെ സഹായിച്ചു.



ജയോത്സവം വർഷിപ്പ് സെന്ററിന്റെ സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടായപ്പോൾ



ജയോത്സവം വർഷിപ്പ് സെന്റർ നിർമ്മാണത്തിൽ



ജയോത്സവം വർഷിപ്പ് സെന്റർ പണി പൂർത്തിയായപ്പോൾ





യേശു ക്രൂശു മരണം സഹിക്കുമ്പോൾ താൻ കണ്ടത് അനേക പുത്രന്മാർ തേജസ്സിലേക്ക് നടന്നു നിങ്ങുന്ന കാഴ്ചയാണ്. അതിനാൽ പുഞ്ചിരിയോടെ ഒന്നുകൂടി പറഞ്ഞാൽ നിറഞ്ഞ സംതൃപ്തിയോടെ യേശു ക്രിസ് തു മരണം സ്വീകരിച്ചു. ഈ ലേഖനം വായിക്കുന്നവരോടുള്ള എന്റെ ഒരു വാക്ക് നാം ചെറുതാകു മ്പോൾ മറ്റൊരാൾ രക്ഷാനിർ ണ്ണയത്തിലേക്കും, നിത്യജീവനിലേക്കും നടന്നടുക്കുമെങ്കിൽ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യ പൂർത്തീകരണമാണ് നടത്തപ്പെടുന്നത്.

പാസ്റ്റർ സുരേഷ് കീഴൂർ

# ക്രിസ്തുവിനെ അനുകരിക്കുക

1 കൊരി. 11-ാം അദ്ധ്യായത്തെ അടിസ്ഥാനമാക്കിയുള്ള ചില ചിന്തകൾ ഇവിടെ പങ്കുവെക്കാം. വാക്യം 1 ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ. പുതിയ നിയമത്തിലെ നേതൃത്വനിരയിൽ എടുത്തു പറയുവാൻ കഴിയുന്ന വാഗ്മിയും, മികച്ച ഉപദേശകനും ആയിരുന്നു പൗലൊസ്. ഞാൻ ജീവിക്കുന്നതുപോലെ എന്നെ മാതൃകയാക്കി നിങ്ങൾ ക്രിസ്തീയ ജീവിതം ചെയ്യണം എന്നും പറയുവാൻ കഴിയുന്ന ഒരു മികച്ച നേതൃത്വത്തെ കാണുവാൻ കഴിയുമോ? ഇല്ല എന്നാണു മറുപടി എങ്കിൽ എന്തുകൊണ്ട് എന്ന ചോദ്യത്തിന് പ്രസക്തി ഉണ്ട്. വളരുന്തോറും പിളരുകയും, പിളരുന്തോറും വളരുകയും ചെയ്യുന്ന രാഷ്ട്രീയ കോമാളികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു ഇന്നത്തെ ആത്മീയ ലോകം. നിസ്വാർത്ഥമായ സമീപനവും, കാഴ്ചപ്പാടുമാണ് നമുക്കു വേണ്ടത്. ജീവിക്കുന്നത് ക്രിസ്തുവും, മരിക്കുന്നത് ലാഭവും എന്ന ചിന്ത ഹൃദയത്തിൽ കടന്നു കൂടിയാൽ മുൻ, പിൻ നോക്കാതെ ഓടുവാനും, പ്രവർത്തിപ്പാനും കഴിയും. സകലവും വിട്ട് യേശുവിനെ അനുഗമിക്കുവാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ പ്രതികൂല ങ്ങളെ അതിജീവിക്കുവാൻ കഴിയൂ. യേശുവിന്റെ മാതൃക സമ്പൂർണ്ണമായി പിന്തുടർന്ന അപ്പൊസ്തലന് എന്റെ പിന്നാലെ പോരൂ, നിത്യതയിൽ നിങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയും എന്ന് ധൈര്യത്തോടെ പറയുവാൻ കഴിയും. യേശുവിന്റെ പിന്തുടരുന്നതിൽ നിന്നും നമ്മെ തടയുന്ന ചില പ്രത്യേക കാര്യങ്ങൾ വ്യക്തമാക്കാം.

**1. കുടുംബ ബന്ധങ്ങൾ**

കർത്താവിനെക്കാൾ മറ്റ് ബന്ധങ്ങൾക്ക് സ്ഥാനം നൽകിയാൽ യേശുവിന്റെ അനുകാരിയാകുവാൻ പ്രയാസകരം തന്നെ. യേശുവിന്റെ പഠിപ്പിക്കലിൽ അതു വ്യക്തമാക്കമാണ്. എന്റെ നിമിത്തം, വീടോ, സഹോദരന്മാരെയോ, സഹോദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ അങ്ങനെയുള്ളവർക്ക് ലഭിക്കുന്ന പ്രതിഫലം ഈ ലോകത്തിൽ ഉപദ്രവങ്ങളോടുകൂടെ നുറുമടങ്ങ് നഷ്ടപ്പെട്ടവയും, വരുവാനുള്ള ലോകത്തിൽ നിത്യജീവനും പ്രാപിക്കാത്തവൻ ആരും ഇല്ല എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു. (മർക്കൊ. 10:29,30). കർത്താവ് നിമിത്തം ഉപേക്ഷിക്കേണ്ടവ എല്ലാം ഉപേക്ഷിക്കണം. ഇവിടെ അവ്യക്തത ഒന്നും ഇല്ല, എല്ലാം പകൽപോലെ വ്യക്തമാക്കിയിരിക്കുന്നു എന്നതാണ് സത്യം. ഇവ ഉപേക്ഷിച്ചാൽ എന്നെ പിന്തുടരാം എന്നല്ലാ, ക്രിസ്തുവിന്റെ അനുകാരിയാകുന്നതിന് തടസ്സമായി നമുക്കു എറ്റവും ഉന്നതമെന്ന് തോന്നുന്ന പലതും ഉപേക്ഷിക്കേണ്ടി വന്നാൽ ഈ ലോകത്തിൽ മികച്ചവ, 100 മടങ്ങ് യേശു തരും എന്ന് സത്യം ചെയ്തിരിക്കുന്നു. അതുകൊണ്ട് ഉക്കാര്യത്തിന് മാറ്റം ഇല്ല. പക്ഷെ വിടുവാനും, ഉപേക്ഷിക്കുവാനും നമുക്ക് കഴിയുന്നില്ല എന്നതാണ് പ്രശ്നം. നാം എപ്പോൾ അതിന് തയ്യാറാകുന്നുവോ അപ്പോൾ മറ്റ് കാര്യങ്ങൾ നിർവ്വഹിക്കുവാൻ ദൈവവും തയ്യാറാണ് എന്ന് സത്യം തിരിച്ചറിയണം.

**2. ഉന്നത സ്ഥാനമാനങ്ങൾ**

സാധാരണയായി ഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവൻ നേരിടുന്ന പ്രലോഭനങ്ങളിൽ ഒന്നാം സ്ഥാനമാണ് പദവികൾക്ക് ഉള്ളത്. ഉന്നതപദവികൾ ആഗ്രഹിക്കുന്നത് തെറ്റെന്ന് പറയുന്നില്ല, എന്നാൽ നാം അതിന് അർഹരാണെങ്കിൽ ദൈവം അവിടെ എത്തിക്കും എന്നു തിരിച്ചറിയണം. യേശു ഭൂമിയിൽ ആയിരുന്നപ്പോൾ പിശാച് കൊണ്ടുവന്ന പ്രലോഭനങ്ങൾ പഠിച്ചാൽ അന്നത്തെ ലോകത്തിൽ ഒരു സാധാരണക്കാരന് സ്വപ്നം കാണുവാൻ കഴിയുന്നതിന് അപ്പുറമായിരുന്നു. ഒരു തുള്ളി രക്തം ശരീരത്തിൽ നിന്നും നഷ്ടപ്പെടാതെ ഈ ലോകം തന്നെ തിരിച്ചു നൽകിയേക്കാം. എന്ന ഒരുവാക്ക് കുറുക്കുവഴിയിൽ കൂടി എളുപ്പത്തിൽ നേടുവാൻ കഴിയുന്ന നേട്ടങ്ങൾ തന്നെ. എന്നാൽ അതിന് സാത്താൻ യേശുവിനോട് ആവശ്യപ്പെട്ടത് ഒന്നു വീണ് വണങ്ങാൻ മാത്രമായിരുന്നു. യേശു അത് നിഷേധിച്ചപ്പോൾ തനിക്ക് നേരിടേണ്ടിവന്നത് ക്രൂശ് മരണമായിരുന്നു. അത് സന്തോഷത്തോടെ യേശു സ്വീകരിച്ചു. ഈ ഭാഗം ചിന്തിക്കുമ്പോൾ എനിക്കുണ്ടാകുന്ന ആനന്ദം യേശുവിന്റെ കാഴ്ചപ്പാട് മാത്രമാണ്. യേശു ക്രൂശു മരണം സഹിക്കുമ്പോൾ താൻ കണ്ടത് അനേക പുത്രന്മാർ തേജസ്സിലേക്ക് നടന്നു നിങ്ങുന്ന കാഴ്ചയാണ്. അതിനാൽ പുഞ്ചിരിയോടെ ഒന്നുകൂടി പറഞ്ഞാൽ നിറഞ്ഞ സംതൃപ്തിയോടെ യേശു ക്രിസ്തു മരണം സ്വീകരിച്ചു. ഈ ലേഖനം വായിക്കുന്നവരോടുള്ള എന്റെ ഒരു വാക്ക് നാം ചെറുതാകുമ്പോൾ മറ്റൊരാൾ രക്ഷാനിർണ്ണയത്തിലേക്കും, നിത്യ ജീവനിലേക്കും നടന്നടുക്കുമെ ങ്കിൽ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യ പൂർത്തീകരണമാണ് നട ത്തപ്പെടുന്നത്. അതുകൊണ്ട് ക്രിസ്തുവിനെ പിന്തുടരുമ്പോൾ ഉണ്ടാകുന്നതെല്ലാം സഹിക്കുവാനുള്ള ദൈവകൃപ അവിടുന്നു പകർന്നു നൽകുവാൻ പ്രാർത്ഥിക്കാം.

ഇന്നു പല ഭക്തന്മാരും പിശാചു പറഞ്ഞ വാക്കിനു മുൻപിൽ വീണു കിടക്കുന്ന ശോചനീയ കാഴ്ചയാണ് ചുറ്റും കാണുന്നത്. കുറുക്കുവഴികളിൽ കൂടി അനുഗ്രഹം വാങ്ങി തലമുറകൾക്ക് വേണ്ടി സ്വരൂപി ക്കുമ്പോൾ നഷ്ടപ്പെടുന്നത് നമ്മുടെ നിത്യതയാണെന്ന് ഒരിക്കലും മറന്ന് പോകരുത്. പദവികൾ പണം വാങ്ങി സ്വീകരിക്കരുത്. നേതൃത്വം ദൈവം തരുന്ന അംഗീകാരമാണ്. ശുശ്രൂഷ ദൈവീക നിയോഗമാണ്. പണം നൽകി ശുശ്രൂഷ സ്വീകരിക്കു വാൻ പോയ ശിമോൻ എന്ന വ്യക്തിയെ ചിന്തിക്കുന്നത് നന്നായിരിക്കും. അപ്പൊ. 8:14-24 വരെ വായിക്കുക. ആകയാൽ ഭയത്തോടെ ക്രിസ്തുവിനെ അനുഗമിക്കാം. (തുടരും)

# കേരളാ പ്രാർത്ഥനാ റാലി: ഒരുക്കങ്ങൾ പൂർത്തിയാകുന്നു




തിരുവല്ല: പാർലമെന്റ് തിരെഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന കേരളാ പ്രാർത്ഥനാ റാലിയുടെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്. ഏപ്രിൽ ഒന്നിന് കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ നിന്ന് ആരംഭിച്ച് പ്രാർത്ഥനാ സമ്മേളനങ്ങൾ നടത്തി ഏപ്രിൽ 10 ന് കുമ്പനാട്ട് സമാപിക്കുന്ന യാത്രയിൽ ആകെ 19 സമ്മേളനങ്ങൾ നടക്കും.

വിവിധ പെന്തെക്കോ സ്ത് സഭാനേതാക്കൾ യാത്രയുടെ ആരംഭം മുതൽ പങ്കാളികളാകും. ഓരോ ജില്ലയിലും നടക്കുന്ന യോഗങ്ങളിൽ പ്രമുഖ കൺവൻഷൻ പ്രസംഗകരും, സഭാ നേതാക്കളും ദൈവവചനം ശുശ്രൂഷ നടത്തുകയും പ്രാർത്ഥനാ സെക്ഷനുകൾക്ക് നേതൃത്വം നൽകുകയും ചെയ്യും.

ഓരോ ജില്ലയിലും സമ്മേളനക്രമീകരണങ്ങൾക്കായി പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞു. ഓരോ സമ്മേളനസ്ഥത്തേക്കും പ്രത്യേകം നേട്ടീസുകളും പോസ്റ്ററുകളും വിതരണത്തിനായി ഒരുങ്ങിക്കഴിഞ്ഞു. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ പാസ്റ്റർ ജോൺ മാത്യു എന്നിവരുടെ നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

2018 ഏപ്രിൽ മാസം 10-ാം തീയതി കേരളത്തിലെ എല്ലാ പെന്തെക്കോസ്ത് സഭകളും ചേർന്ന് തിരുവല്ലയിൽ നടത്തിയ ദേശീയ പ്രാർത്ഥനാ ദിനത്തിന്റെ തുടർച്ചയായാണ് ഈ പ്രാർത്ഥനാ റാലി സംഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9349500155



# യഹോവയുടെ വൃക്ഷങ്ങൾ



പാസ്റ്റർ ക. തോമസ്

**അ**വൻ ഭൂമിയിൽ നിന്ന് ആഹാരവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുവാൻ എണ്ണയും മനുഷ്യന്റെ ഹൃദയത്തെ ബലപ്പെടുത്തുന്ന അപ്പവും ഉത്ഭവിപ്പിക്കുന്നു. യഹോവയുടെ വൃക്ഷങ്ങൾക്കു തൃപ്തി വരുന്നു അവൻ നട്ടിട്ടുള്ള ലെബാനോനിലെ ദേവദാരുക്കൾക്കു തന്നെ സങ്കീ. 104:15,16

നൂറ്റിനാലാം സങ്കീർത്തനത്തിലെ രണ്ടു വാക്യങ്ങളാണ് മേൽ ഉദ്ധരിച്ചത്. ദൈവത്തിന്റെ മഹത്വത്തേയും, ദൈവത്തിന്റെ മഹാമനസ്ക്കതയേയും, ദൈവത്തിന്റെ ജ്ഞാനത്തേയുമാണ് ഈ സങ്കീർത്തനം വർണ്ണിക്കുന്നത്. ദൈവം തന്റെ സർവ്വ സൃഷ്ടിയോടും കരുണയുള്ളവനാണ്. സകല സൃഷ്ടിയേയും പരിപാലിക്കുന്നതും ദൈവമാണ്. അവൻ മൃഗങ്ങൾക്കും കരയുന്ന കാക്ക കുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നു. തന്റെ മക്കളായ, യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ, തന്റെ ജനത്തെ നന്നായി പോറ്റാൻ കഴിവുള്ളവനത്രേ നമ്മുടെ ദൈവം. നൂറ്റിനാലാം സങ്കീർത്തനത്തിലെ പതിനഞ്ചാം വാക്യത്തിൽ മനുഷ്യനു വേണ്ടി ദൈവം ഉത്ഭവിപ്പിക്കുന്ന നാലു കാര്യങ്ങൾ കാണുവാൻ കഴിയും.

## 1. ഭൂമിയിൽ നിന്നും ആഹാരം

ആഹാരം ശാരീരിക ആവശ്യത്തിന് ഉള്ളതാണ്. യഹോവ മൃഗങ്ങൾക്കും കരയുന്ന കാക്കകുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നു (സങ്കീ. 147:9). എല്ലാറ്റിനും അതതിനു വേണ്ട ഭക്ഷണമാണ് കൊടുക്കുന്നത്. ഒന്നിനു ആവശ്യമായിരിക്കുന്നത് എടുത്ത് മറ്റൊന്നിനു കൊടുക്കുകയില്ല. ഒരാളിന് ലഭിക്കേണ്ടത് മറ്റൊരാളിനു ദൈവം കൊടുക്കുകയില്ല. ഓരോന്നിനും എന്താണ് വേണ്ടത്, എത്രയാണ് വേണ്ടത് എന്നു അറിയുന്ന ദൈവം അതാതിനു ആവശ്യമായതു നൽകുന്നു. ആനയുടെ ആഹാരം കാക്കകുഞ്ഞിനു ആവശ്യമില്ല. കാക്കകുഞ്ഞിന്റെ ഓഹരി കൊണ്ട് ആനക്ക് തികയത്തുമില്ല. നമുക്കു ഓരോരുത്തർക്കും ആവശ്യമായതെന്തോ അതു ദൈവം തരും. അനാവശ്യമായതു ലഭിക്കയില്ല. അത്യാഗ്രഹമായി ചോദിക്കുന്നതും ലഭിക്കയില്ല. കർത്താവ് ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതും അന്നന്നുള്ള ആഹാരം ഞങ്ങൾക്കു തരേണമേ എന്നാണ്. ചിലർ ഭാവിയെ ഓർത്തു ഭാരപ്പെടുന്നു. മറ്റു ചിലർ കുഞ്ഞു ങ്ങളെ ഓർത്തും വേറെ ചിലർ ജീവിതത്തിന്റെ മറ്റു വിഷയങ്ങളെ ഓർത്തും ഭാരപ്പെടുന്നു. ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകാൻ അവൻ ഒരുനാളും സമ്മതിക്കയില്ല എന്നാണ്. ദൈവം തരുന്നതു മതിയെന്നു കരുതണം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം (എബ്രായർ 13:8). യഹോവയുടെ വൃക്ഷങ്ങൾക്കു തൃപ്തി വരുന്നു. പൗലോസ് തിമോഥിയോസിനോടു പറയുന്നതു ശ്രദ്ധേയമാണ്. ഉണ്മാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ ഇതു ചിലർ കാംഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, എന്നിവയെ പിന്തുടരുക (1തിമോ 6:8-10). ദ്രവ്യാഗ്രഹം എന്ന ഒരു കാര്യം വിട്ടോടി, മറ്റു ആറു കാര്യങ്ങൾ പിന്തുടരണം എന്നാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. അതായത് ദ്രവ്യാഗ്രഹം ഈ ആറു കാര്യങ്ങളെ നശിപ്പിക്കുന്നതാണ് എന്നർത്ഥം. ദ്രവ്യാഗ്രഹം വന്നാൽ നീതിക്കു പകരം അനീതി ചെയ്യും. ഭക്തിയുടെ സ്ഥാനത്ത് അഭക്തി ഇടം പിടിക്കും. വിശ്വാസത്തിനു പകരം അവിശ്വാസം ഉണ്ടാകും. സ്നേഹം കുറയും. ക്ഷമയും സൗമ്യതയും നഷ്ടപ്പെടും. ന്യായാധിപന്മാർ പോലും ദ്രവ്യാഗ്രഹത്തിനു അടിമകളായി നീതിയും ന്യായവും മറിച്ചുകളയുന്നു. പണം എല്ലാം നൽകത്തില്ല, എല്ലാറ്റിനും അത് പരിഹാരവുമല്ല. ഒരു സംഭവ കഥ കേട്ടോളു.

1997 ജൂൺ മാസം. ബില്ലി ബോബ് ഹാരൽ സോഫായിലിരുന്ന് ഞായാറാഴ്ചത്തെ പത്രം വായിച്ചുകൊണ്ടിരിക്കുകയാണ്. പെട്ടെന്ന് ചില നമ്പറുകളിൽ അദ്ദേഹത്തിന്റെ കണ്ണുകൾ ഉടക്കി. ഹൃദയമിടിപ്പ് ഒരു നിമിഷനേരത്തേക്ക് നിലച്ചോ എന്ന് സംശയം. വീണ്ടും വീണ്ടും നോക്കി. സംശയം തീർക്കാനായി ഭാര്യയെ വിളിച്ചു കാണിച്ചു. ശരിയാണ്, ടെക്സാസ് ജാക്ക് പോട്ടിന്റെ ഒന്നാം സമ്മാനമായ 31 ദശലക്ഷം ഡോളർ തനിക്കു ലഭിച്ചിരിക്കുന്നു. ലോട്ടറി കിട്ടിയ ബില്ലി ബോബ് തന്റെ എല്ലാ ക്ളേശവും മാറി എന്നു കരുതി. ദൈവം തന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നൽകി എന്നു വിശ്വസിച്ചു. അഞ്ച് അംഗങ്ങളുള്ള തന്റെ കുടുംബത്തെ പോറ്റുവാനായി പെടാപാടുപെടുകയായിരുന്ന ബില്ലി ദൈവത്തിനു ഒരായിരം നന്ദി പറഞ്ഞു. തന്റെ ആഗ്രഹങ്ങൾ ഓരോന്നായി അയാൾ സാധിപ്പിച്ചു. തനിക്കുൾപ്പെടെ വീട്ടിലുള്ള ആറുപേർക്കും ഓരോ വലിയ വീടു വാങ്ങിച്ചു. ഭാര്യക്കും കുട്ടികൾക്കും വെവ്വേറെ വിലകൂടിയ കാറുകൾ മേടിച്ചു. കൃഷിയിടം വാങ്ങിച്ചു. ചോദിച്ചവർക്കൊക്കെ ഔദാര്യമായി നൽകി. എന്നാൽ ചില മാസങ്ങൾക്കുള്ളിൽ കാര്യങ്ങൾ താറുമാറായി. അധികം പണം വളരെ വേഗം ചില വഴിച്ചു. ദുർവ്യയം, കൈവിട്ട കളിയായി മാറി. മാത്രമല്ല, ലോട്ടറി കിട്ടിയതിന്റെ തൊട്ടടുത്ത വർഷം നേരത്തെ തന്നെ തകരാറിലായിരുന്ന കുടുംബ ബന്ധം വേർപെടുത്തി. ലോട്ടറി ലഭിക്കുന്നതിനു മുൻപേ ഉണ്ടായിരുന്നതിനേക്കാൾ ദാരിദ്രാവസ്ഥയിലേക്ക് ബില്ലി ബോബ് കൂപ്പുകുത്തി വീണു. ജീവിതം ആകെ താറുമാറായി. താൻ ലക്ഷാധിപധിയായി വെറും രണ്ടു വർഷം തികയുന്നതിനു മുൻപുള്ള ഒരു ദിവസം. അതായത്, 1999 മേയ് 22. ബില്ലി ബോബ് ഹാരൽ, അയാളുടെ വീടിന്റെ മുകളിലത്തെ നിലയിലുള്ള കിടപ്പു മുറിയിലേക്കു കയറിപോയി. ഒരു ഭ്രാന്തനെപ്പോലെ അയാൾ വസ്ത്രങ്ങളെല്ലാം വാരി വലിച്ച് താഴെയിട്ടു. തപ്പിയെടുത്ത തന്റെ കൈതോക്കെടുത്ത് പരിശോധിച്ചു, പിന്നെ നെഞ്ചിലേക്ക് ലക്ഷ്യം വച്ച് കാഞ്ചി അമർത്തി. പെട്ടെന്ന് ലക്ഷാധിപതിയായി തീരുകയും അതുപോലെതന്നെ അത് പെട്ടെന്ന് നഷ്ടപ്പെടുകയും ചെയ്ത ആ മനുഷ്യന്റെ ജീവിതം അവിടെ ഒരു വെടിയുണ്ടയിൽ അവസാനിച്ചു. മരിക്കുന്നതിനു മുൻപ്, തന്നെ സന്ദർശിച്ച തന്റെ സാമ്പത്തിക ഉപദേഷ്ടാവിനോട് അയാൾ അവസാനമായി പറഞ്ഞത് ഇങ്ങനെയാണ്. ലോട്ടറി ലഭിച്ചതാണ് ജീവിതത്തിൽ എനിക്കു സംഭവിച്ച ഏറ്റവും വലിയ പരാജയം. ദൈവം നമുക്കു ആവശ്യമായ ആഹാരം തരും. ശലോമോന്റെ സകല മഹത്വത്തെക്കാളും വയലിലെ സസ്യത്തെ അലങ്കരിക്കുന്ന ദൈവം, തന്റെ കുഞ്ഞുങ്ങളെ കരുതാതിരിക്കുകയില്ല (മത്താ. 6:29). ഇന്നുള്ളതും നാളെ അടുപ്പിലിടുന്നതുമായ വയലിലെ പുല്ലിനെപോലും ചമയിക്കുന്ന ദൈവം, നമ്മെ എത്ര അധികം കരുതാതിരിക്കും. ഭൗതീക ആവശ്യങ്ങളുടെ മുമ്പിൽ തളർന്നിരിക്കുന്നു എങ്കിൽ സാഹചര്യത്തെ കണ്ടു ഭ്രമിക്കാതെ ഉടയവന്റെ മുഖത്തേക്കു നോക്കുക, ദൈവവഴി കാണുവാൻ കഴിയും. വിളിച്ചിറക്കിയവൻ വിശ്വസ്തനാണ് അവൻ വഴിയിൽ ഉപേക്ഷിച്ചു പോകുകയില്ല.

## 2. ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞ്

ഹൃദയം മനുഷ്യന്റെ ആന്തരീകാവയവം ആകുന്നു. ആഹാരം ശരീരത്തിനാണെങ്കിൽ ഇനിയുള്ള മൂന്നു കാര്യങ്ങളും അകത്തെ മനുഷ്യനു വേണ്ടിയുള്ളതാണ്. ജീവനു വേണ്ടി മാത്രമല്ല, ഭക്തിക്കും ആവശ്യമായതെല്ലാം ദൈവം നമുക്കു തരുന്നു. വീഞ്ഞ് യഹൂദന് ഒരു ആഹാര പദാർത്ഥമാണ്. അതുപോലെ അതു ഒരു ഔഷധവുമാണ്. എന്നാൽ വീഞ്ഞ് ലഹരിക്കായി ഉപയോഗിക്കുന്നതിനെബൈബിൾ വിലക്കുന്നു. സദൃ.31:6, 20:1, 23:29-25,

വീഞ്ഞ് പരിശുദ്ധാത്മ നിറവിനെ കാണിക്കുന്നു. ദൈവസഭയിലെ ഓരോ വ്യക്തിയും പരിശുദ്ധാത്മ നിറവ് പ്രാപിച്ച് അന്യഭാഷയിൽ സംസാരിക്കേണ്ടതാണ്. വീഞ്ഞു കുടിച്ച് മത്തരാകരുത് അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാ വ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആ ത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവനു എല്ലായ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ. എഫേ. 5:18-20. വീഞ്ഞ് സന്തോഷം നല് കുന്ന വസ്തു ആകുന്നു. അതുപോലെ പരിശുദ്ധാത്മാവ് ഒരുവന് അവാച്യമായ ആനന്ദം നൽകുന്നു. ഒരുവൻ പരിശുദ്ധാത്മാവിൽ നിറ ഞ്ഞ് അന്യഭാഷകളിൽ ദൈവത്തോട് സംസാരിക്കുമ്പോഴും, തമ്മിൽ തമ്മിൽ ആത്മാവിൽ സംസാരിച്ചും ആത്മാവിൽ പാടി ദൈവത്തെ മഹത്വപ്പെടുത്തുമ്പോഴും, സന്തോഷവും സ്വസ്തതയും ആത്മീക വർദ്ധനവും ഉണ്ടാകുന്നു. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ റോമ. 14:17. വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോട് സംസാരിക്കും ഇതാകുന്നു സ്വസ്തത, ക്ഷീണിച്ചിരിക്കുന്നവനു സ്വസ്തത കൊടുപ്പിൻ ഇതാകുന്നു വിശ്രമം എന്ന് അവൻ അവരോട് അരുളിചെയ്തു. യെശ.28:11-12. മുമ്പു പറഞ്ഞതുപോലെ ആത്മാവിൽ നിറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ ഒരാളിന് ആത്മീക വർദ്ധന ഉണ്ടാകുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു ആരും തിരച്ചറിയുന്നില്ലല്ലോ. എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു. പ്രവചിക്കുന്നവനോ ആത്മീകവർദ്ധനക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോട് സംസാരിക്കുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മീക വർദ്ധനവരുത്തുന്നു. പ്രവചിക്കുന്നവൻ സഭക്കു ആത്മീക വർദ്ധനവരുത്തുന്നു. 1കൊരി. 14:2-4. വിശ്വാസിക്ക് വീഞ്ഞുവീടിന്റെ അനുഭവം ഉണ്ടാകണം. ഉത്ത 2:4. വീഞ്ഞുവീട് ദൈവസഭയെ കാണിക്കുന്നു. അവിടെ കൃപാവരങ്ങളുടെ ശുശ്രൂഷ ഉണ്ടാകേണ്ടതാണ്. കൊരിന്ത്യസഭ, കൃപാവരങ്ങളുടെ ശുശ്രൂഷ ഉണ്ടായിരുന്ന സഭയാണ്. ഈ കാലഘട്ടത്തിൽ നമ്മുടെ എല്ലാ സഭകളും അങ്ങനെആകേണ്ടുന്നത് ആവശ്യമായിരിക്കുന്നു. അന്യഭാഷയിൽ സംസാരിക്കുന്നത് തനിക്കുതന്നെ ആത്മീക വർദ്ധനവരുത്തുന്നതും പ്രവചിക്കുന്നത് സഭയ്ക്ക് ആത്മീക വർദ്ധന വരുത്തുന്നതുമാകയാൽ രണ്ടും ആവശ്യമായിരിക്കുന്നു.

## 3. മുഖത്തെ മിനുക്കുന്ന എണ്ണ.

പരിശുദ്ധാത്മാവ് ഒരുവനിൽ പകരുന്ന അനുഭവങ്ങളെ വീഞ്ഞിനോടും എണ്ണയോടും ഉപമിക്കാം. ഇവിടെ എണ്ണക്ക് ഷേമേൻ എന്ന പദമാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതേ പദമാണ് പുറപ്പാട് 27:20 ലും ഉപയോഗിച്ചിരിക്കുന്നത്. ആലയത്തിൽ വിളക്കു കത്തിക്കുന്നതിന് ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ കൊണ്ടുവരുവാൻ കൽപ്പിക്കുന്നു. അവിടേയും ഷേമേൻ എന്ന എബ്രായ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യഹൂദനെ സംബന്ധിച്ചിടത്തോളം ഒലിവെണ്ണ അവന്റെ ദൈനംദിന ജീവിതവുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നു.

ഒലിവെണ്ണയൂടെ ഉപയോഗങ്ങൾ (1). പ്രതിഫലമായി എണ്ണ നൽകിയിരുന്നു. 1 രാജാ. 5:17, യെഹ. 27:17, ഹോശ. 12:1 (2). സൗന്ദര്യ വർദ്ധക വസ്തുവായിട്ട് ഉപയോഗിച്ചിരുന്നു. രൂത്ത്. 3:3, 2 ശാമു. 12:20 (3). ഔഷധമായിട്ട് ഉപയോഗിച്ചിരുന്നു. ലൂക്കോ.10:34, 1രാജാ 17:12, ലേവ്യ 2:4 (4). ആഹാരമായിട്ട്. 1രാജാ.17:12, ലേവ്യ2:4, (5).വിളക്കു കത്തിക്കാൻ. പുറ. 27:20 (6). കുഷ്ടരോഗിയുടെ ശുദ്ധീകരണത്തിനായി. ലേവ്യ. 14:14 (7). അഭിഷേകം ചെയ്യാൻ. പുറ. 29:7. വീഞ്ഞും എണ്ണയും ആത്മാവിന്റെ രണ്ടു പ്രവർത്തനങ്ങളെയാണ് കാണിക്കന്നത്. വീഞ്ഞ് അവരവർക്ക് ആത്മീകവർദ്ധനവരുത്തുന്നതെങ്കിൽ എണ്ണ പൊതുപ്രയോജനത്തിന് ശുശ്രൂഷക്കായി പകരപ്പെടുന്ന അഭിഷേകമാണ്. മുഖം മിനുക്കുന്ന എണ്ണ, അക്ഷരത്തിന്റെ ശുശ്രൂഷയെക്കാൾ അധികം തേജസ്സുള്ള, ആത്മാവിന്റെ ശുശ്രൂഷയെ കാണിക്കുന്നു. അതുകൊണ്ട് വീഞ്ഞിന്റേയും എണ്ണയൂടേയും അനുഭവം ഓരോ സഭക്കും, ഓരോ വിശ്വാസിക്കും ഉണ്ടാകണം.

## 4. ഹൃദയത്തെ ബലപ്പെടുത്തുന്ന അപ്പം.

(തുടരും..)

**JAYOLASAVAM NEWS**
Konnanilkunnathil
TC 20/2073
Ebenezer Gardens
Kudappankunnu P.O.
Thiruvananthapuram
Kerala, India

# JAYOLSAVAM NEWS

**DATE OF PUBLISHING 20TH MARCH 2019**

REGISTERED NEWS PAPER
RNI No: KERBIL/2010/31734
Postal Licence No.-
KL/TV (S)/364/2019-21
KL/TV(S)/WPP/156/2019-21
RMS Thiruvananthapuram

Vol - 12 Issue 3 | Thiruvananthapuram | Monthly | MARCH | 8 Page | Annual Sub Rs. 120/-

## പ്രവർത്തന മികവോടെ സഭാനേതൃത്വത്തിലേക്ക് പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ കേരളാസ്റ്റേറ്റ് 2019–2022 കാലയളവിലെ ഭരണ സമിതിയുടെ ഇലക്ഷൻ ഏപ്രിൽ 30 മുതൽ നടക്കുകയാണല്ലോ. ഈ തെരെഞ്ഞെടുപ്പിൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ തിരെഞ്ഞെടുക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

2003 –2009 കാലയളവിൽ ഐ. പി.സിയുടെ പുത്രിക സംഘടനയായ പി.വൈ.പി.എ. യുടെ സ്റ്റേറ്റ് പ്രസിഡന്റായി 6 വർഷവും സണ്ടേസ്കൂൾ ജനറൽ ഡപ്യൂട്ടി ഡയറക്ടറായി മൂന്ന് വർഷവും, ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ /പ്രസ്ബിറ്ററി മെമ്പറായി കഴിഞ്ഞ 9 വർഷവും, കേരളാസ്റ്റേറ്റ് പ്രയർ ബോർഡിന്റെയും ഇവാഞ്ചലിസം ബോർഡിന്റെയും വൈസ് ചെയർമാനായും ചുമതലകൾ നിർവ്വഹിച്ചു. ഇപ്പോൾ ഐ.പി.സി. കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് ചെയർമാനായി കഴിഞ്ഞ മൂന്ന് വർഷമായി സേവനമനുഷ്ടിക്കുകയാണ്.

പി.വൈ.പി.എ. കേരളാ സ്റ്റേറ്റിന് സ്വന്തമായ ഓഫീസ് സമുച്ചയം പണികഴിപ്പിച്ചതും പി.വൈ.പി.എ. ഭരണഘടനപ്രസിദ്ധീകരിച്ചതും അനേകം നൂതന പദ്ധതികൾക്കും തുടക്കം കുറിച്ചതും ഇദ്ദേഹത്തിന്റെ ഭരണ കാലയളവിലാണ്. പ്രേക്ഷിത പ്രവർത്തനത്തിൽ കഴിഞ്ഞ 30 വർഷത്തെ പ്രവർത്തനപരിചയം. പരേതനായ പാസ്റ്റർ പി. എം. ഫിലിപ്പിന്റെ ശിഷ്യത്വത്തിൽ കോട്ടയം വടവാതൂർ ബൈബിൾ സ്കൂളിൽ നിന്ന് വേദപഠനം പൂർത്തിയാക്കി. ഹരിയാനഗ്രേസ് ബൈബിൾ കോളജിൽ നിന്ന് ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കി. ദീർഘവർഷങ്ങൾ വടക്കേ ഇന്ത്യയിൽ വിവിധ ഗ്രമങ്ങളിൽ സുവിശേഷ പ്രവർത്തനംനടത്തി.



ആത്മീയ ഗുരുവായ പാസ്റ്റർ കെ. സി. തോമസിന്റെ സഹശുശ്രൂഷകനായി ദിർഘ വർഷങ്ങൾ ശുശ്രൂഷിച്ചു. 18–ാം വയസ്സിൽ ഐ.പി.സി. തിരുവനന്തപുരം വെസ്റ്റ് സെന്ററിൽ പൂഴനാട് സഭയുടെ ശുശ്രൂഷകനായി നിയമിതനായി. ദീർഘ വർഷങ്ങൾ ഫെയ്ത്ത് സെന്റർ ബൈബിൾ കോളേജ് രജിസ്ട്രാറാ യും, അദ്ധ്യാപകനായും സേവനമനുഷ്ടിച്ചു. ചുരുങ്ങിയ കാലം കൊണ്ട് തിരുവനന്തപുരം പട്ടണത്തിന്റെ മധ്യത്തിൽ 500 ഓളം വിശ്വസികളുള്ള സഭ സ്ഥാപിച്ചു. ഐ. പി.സി. ജയോത്സവം വർഷിപ്പ് സെന്റർ സഭയുടെ സ്ഥാപക പ്രസിഡന്റും സീനിയർ പാസ്റ്ററുമാണ്. പി. വൈ. പി. എ. യുടെ ലോക്കൽ തലം മുതൽ സ്റ്റേറ്റ് തലം വരെ എക്സിക്യൂട്ടിവായി പ്രവർത്തിച്ചു.

ഐ.പി.സി. തിരുവനന്തപുരം മേഖലാ സെക്രട്ടറി, ഐ.പി.സി. വെമ്പായം എരിയ പ്രസിഡന്റ്, ജയോത്സവം തിയോളജിക്കൽ സെമിനാരി ഡയറക്ടർ, ജയോത്സവം ന്യൂസ് ചീഫ് എഡിറ്റർ എന്നീ ചുമതലകളിൽ പ്രവർത്തിക്കുന്നു. ടി. വി. പ്രഭാഷകൻ, കൺവൻഷൻ പ്രസംഗകൻ, വേദാദ്ധ്യാപകൻ എന്നീ നിലകളിൽ ദൈവം ഉപയോഗിക്കുന്നു. ഭാര്യ: ലിസ, മക്കൾ: റിബേക്ക, ഹന്ന.

**ആത്മീയ നിലവാരം ഒട്ടും കുറയാതെ, ഐക്യതയോടെ, സൗമ്യതയോടെ പിതാക്കന്മാരിട്ട അതിർ വരമ്പുകൾ മാറ്റാതെ പരിശുദ്ധാത്മസ്നാനത്തിനും കൃപാവരങ്ങൾക്കും പ്രാധാന്യം നൽകി മുതിർന്ന ദൈവദാസന്മാരെ ബഹുമാനിക്കുകയും വേർതിരിവുകൾ കൂടാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഇദ്ദേഹം. തന്നെ എൽപ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ പ്രസ്ഥാനത്തെ മുന്നോട്ട് നയിച്ച പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ എന്തുകൊണ്ടും ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് തികച്ചും യോഗ്യനാണ്.** ●

*We may present every man perfect in Christ Jesus*

# JAYOLSAVAM THEOLOGICAL SEMINARY

**BENEDICT NAGAR,NALANCHIRA**
**THIRUVANANTHAPURAM**
**www.jayolsavam.org**




**OUR SPECIALITIES**

- Recognized by IPC General Council
- Accreditation by IATA
- ATA M. Div. & B.Th.
- Qualified & Experienced Faculty
- Excellent practical training in ministry
- Well equipped library
- Hostel facilities for Men.

**M. Div., B. Th.,Dip.Th. & C. Th.**
**Evening batches available**

**Admission continues**

**Our Courses**

| PROGRAMME | MEDIUM | DURATION | ADMISSION REQUIREMENTS |
|---|---|---|---|
| M.Div. | Engl. | 2/3 years | B. Th/ Degree |
| B. Th. | Engli. | 3 yrs | +2 Pass |
| Dip.Th. | Eng./Mal. | 2 Years | S.S.L.C. |

**M.Div. (ATA) Programme for B. Th. or Degree holders.**
**B.Th. (ATA) Programme for Plus Two Pass**

**Scholarship available for Residential Program**



Pr. K. C. Thomas
Patron



Pr. Daniel Konnanilkkunnathil
Director



Rev. Nebu Mathson
Principal



Rev. Jerry John
Registrar



Mr. Felix William
Administrator

For further Information

**Director**
**Jayolsavam Theological Seminary**
**Post Box - 853, Kowdiar P.O.,**
**Trivandrum- 695003**
**Ph:9526952121,9447868368**
**Email:jayolsavamts@gmail.com**

Design: ajikattakkada@9895521191

Printed, Published, Edited & Owned by Daniel K. Jacob, Konnanilkunnathil, KP 3/414, Ebenezer Gardens, Kudappanakunnu P.O., Thiruvananthapuram - 695043, Kerala, India. Design & Layout: AjiKumar Kattakkada, Printed at Cochin Printech Pvt. Ltd., Udyogamandal P.O., Eloor, Cochin-683 501.